അദ്ധ്യയനമണ്ഡലം ഗ്രന്ഥാവലി

No. 3.

ആത്മാവുണ്ടോ?



Free Distribution
DVK Central Library
Bangalore - 560 029

(Second Printing to 6000 Copies)

ഗ്രന്ഥകർത്താ

വെ. റവ. മോൺ. ജയിക്കബ് നടുവത്തുശ്ശേരി

വില 2 ണ.

S. J. Press, Mannanam. 1956.

Cum permissu Superiorum.

S. J. Press, Mannanam. 1956.

പ്രസ്താവന

"ആത്മാവുണ്ടോ?" എന്ന ശീർഷകത്തിൽ വിലയേറിയ ഒരു പ്രബന്ധം അദ്ധ്യയനമണ്ഡലം ഗ്രന്ഥാവലി 3–ാം നമ്പരായി പ്രസിദ്ധം ചെയ്യുന്നു. ഇതിന്റെ ഗ്രന്ഥകർത്താവായ വെ. റവ. മോൺസിഞ്ഞോർ ജയിക്കബ് നടുവത്തുശ്ശേരി അവർകൾ അദ്ധ്യയനമണ്ഡലപ്രസ്ഥാനത്തെ പ്രത്യാശയോടുകൂടി വീക്ഷിച്ചുകൊണ്ടിരിക്കുന്ന ഒരു ഭേഷമാണ്. ഉപദേശങ്ങൾകൊണ്ടും നിർദ്ദേശങ്ങൾകൊണ്ടും അതിനെ അനുഗ്രഹിക്കുന്നുമുണ്ട്.

ആത്മാവുണ്ടോ എന്ന ലേഖനം സത്യദീപത്തിൽ മുമ്പ് പ്രസിദ്ധംചെയ്തിട്ടുള്ളതാണ്. പെ. ബ. മോൺസിഞ്ഞോർ നടുവത്തുശ്ശേരിതന്നെ വേണ്ടത്ര ഭേദഗതികൾ വരുത്തി പരിഷ്കരിച്ച് ആ ലേഖനം അദ്ധ്യയനമണ്ഡലത്തിന്റെ അഭിമുഖ്യത്തിൽ പ്രസിദ്ധം ചെയ്യുന്നതിനു് ഞങ്ങൾക്കയച്ചുതരുകയാണ് ചെയ്തിട്ടുള്ളതു്. ലത്തീൻ, ഇംഗ്ലീഷ് മുതലായ ഭാഷകളിൽപോലും ഇത്ര വിശിഷ്ടമായ ലേഖനം കാണുവാൻ പ്രയാസമാണെന്നു ഈ ലേഖനത്തെപ്പറ്റി അഭിവന്ദ്യ പാറേക്കാട്ടിൽ തിരുമനസ്സുകൊണ്ടു് അഭിപ്രായപ്പെട്ടിട്ടുണ്ട്.

വെ. റവ. മോൺ. നടുവത്തുശ്ശേരി, ശ്രീ. ഐ. സി. ചാക്കോ എന്നിവർ മലയാളികളുടെ അഭിമാനപാത്രങ്ങളാണല്ലൊ. അവരുടെ സാഹിത്യപരിശ്രമങ്ങൾ ഇംഗ്ലീഷുഭാഷയിലായിരുന്നെങ്കിൽ അവർ വിശ്വസാഹിത്യകാരന്മാരായി വിരാജിച്ചേനെ. "ഗഗനം ഗഗനംപോലെ, സാഗരം സാഗരോപമം" പെ. ബ. മോൺസിഞ്ഞോരച്ചനും ശ്രീ. ഐ. സി–ക്കും തുല്യരായ എഴുത്തുകാർ, പണ്ഡിതന്മാർ, അവർ മാത്രമാ

ന്ന്. സമുദായത്തിന്ന് അവരുടെ സേവനങ്ങൾ തുടന്ന് വളരെക്കാലത്തേയ്ക്ക് ലഭിക്കുന്നതിന്ന ജഗദീശൻ ഇടവരുത്തട്ടെ.

സത്യദീപത്തിന്റെ മുൻലക്കങ്ങളിൽ നിരവധി അനഘങ്ങളായ ലേഖനങ്ങൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അവ കൺമറഞ്ഞുപോകുവാൻ, വിസ്മരിക്കപ്പെട്ട പോകുവാൻ, നാം അനുവദിക്കരുതു്. അദ്ധ്യയനമണ്ഡലത്തിന്റെ പരിധിയിൽപ്പെടുന്നടത്തോളം അപ്രകാരമുള്ള ലേഖനങ്ങൾ ശാശ്വത സ്മരണാർഹങ്ങളാക്കുവാൻ ഞങ്ങൾ ശ്രമിക്കുന്നതാണ്.

അദ്ധ്യയനമണ്ഡലം പ്രസിദ്ധീകരണങ്ങൾകൊണ്ടുദ്ദേശിക്കുന്ന ഫലം സിദ്ധിക്കണമെങ്കിൽ ആ പുസ്തകങ്ങൾ പഠിക്കുന്നതിനും പഠിപ്പിക്കുന്നതിനും വായിപ്പിക്കുന്നതിനും സംഘടിതമായ ഒരു ശ്രമം എല്ലാ ഇടവകകളിലും നടത്തേണ്ടതായിട്ടിരിക്കുന്നു. ഒരിടവകയിൽഒരു പത്തുചന്ദ്രണ്ട യുവാക്കന്മാരെങ്കിലും നമ്മുടെ മതത്തെ സംബന്ധിച്ച മൗലിക വിഷയങ്ങൾ സമഗ്രമായി പഠിക്കുന്നതിനും ഇടവരുന്നതു ഒരു നിസ്സാര സംഗതിയുമല്ല.

പ്രസാധകൻ,

ഫാദർ മാത്യു നടയ്ക്കൽ

അദ്ധ്യയനമണ്ഡലം ആഫീസിൽനിന്ന്

കത്തീഡ്രൽ
ചങ്ങനാശ്ശേരി
12—7—1955.

ആത്മാവുണ്ടോ?

ഒരുതരം ഭൗതികവാദത്തേയും സയൻസും പിന്താങ്ങുന്നില്ല.

ഒരു മാസികയിൽ ഒരു ലേഖകൻ 1949-ൽ ഇപ്രകാരം എഴുതിയിരുന്നു.

"ഊഹത്തിൽ മാത്രം നിലയുറപ്പിക്കുന്ന ഭൗതികവാദം പരാജയപ്പെട്ടതിനുശേഷം ശാസ്ത്രീയമായ ഭൗതികവാദം ജന്മമെടുത്തിരിക്കുകയാണിപ്പോൾ. വിശ്വകർമ്മാർ ഈയിടെയായി ഭൗതികവാദം തകർന്നു, ഈശ്വരൻ പുനഃസ്ഥാപിക്കപ്പെട്ടു, ആത്മാവും ഉയർത്തെഴുന്നേറ്റിരിക്കുന്നു. എന്നൊക്കെ അവകാശപ്പെടാറുണ്ട്. വസ്തുവത്തിൽ മനസ്സിനേയും ആത്മാവിനേയും ഭൗതികപദാർത്ഥത്തേയും ഒന്നായിക്കാണുകയും, അവയുടെ മൗലികമായ ഐക്യം സാക്ഷാൽക്കരിക്കുവാൻ തുടങ്ങുകയും ചെയ്യുന്ന സയൻസാണ് ഇരുപതാം ശതകത്തിലുള്ളത്. ഈ അത്ഭുതകരവും ആശ്വാസപ്രദവും ആയ അന്തരീക്ഷത്തിലേയ്ക്കു ശാസ്ത്രത്തെ നയിക്കുന്ന വിഷയത്തിൽ ഡാർവിനും ഫ്രോയ്ഡിനും പാവുലോവിനും ഐൻസ്റ്റീനും മഹത്തായ പങ്കുണ്ടായിട്ടുണ്ട്."

ഭൗതികവാദം ഊഹംമാത്രം.

ഈ ഉദ്ധരണിയനുസരിച്ച് രണ്ടുതരം ഭൗതികവാദത്തിൽ (Materialism) ഒന്ന് ഊഹത്തിൽ മാത്രം നിലയുറപ്പിക്കുന്നതും, അതിനാൽ പരാജയപ്പെട്ടതു

മായ ഭൗതികവാദമാണല്ലൊ. മറേറതു് ശാസ്ത്രീയമായ (Scientific) ഭൗതികവാദം. ആദ്യത്തെ ഭൗതികവാദം പതിനേഴ പതിനെട്ട നൂറാണ്ടുകളിൽ ശക്തിപ്രാപിച്ചിരുന്നു. പദാർത്ഥം (Matter), അതിന്റെ ശക്തി (Energy) എന്നിവ രണ്ടുമാത്രമേ മൗലികമായി സ്ഥിതിചെയ്യുന്നുള്ളുവെന്നും, പ്രപഞ്ചത്തിൽ കാണുന്ന സകല വസ്തുക്കളും ജീവികളും ഈ രണ്ടു മൗലിക ഘടകങ്ങളുടെ നാനാപ്രകാരങ്ങളായ സംയോജനത്തിന്റേയും പ്രവർത്തനത്തിന്റേയും ഫലം മാത്രമാണെന്നും, പദാർത്ഥത്തിൽനിന്നു വിഭിന്നമായ പ്രകൃതിയോടും ലക്ഷണങ്ങളോടുംകൂടിയ ആത്മാവു് എന്നൊന്നില്ലെന്നും, തന്മൂലം ദൈവത്തിലും ആത്മാവിലും അനന്തര ജീവിതത്തിലും മറുമുള്ള വിശ്വാസം കേവലം അന്ധമാണെന്നും പ്രസ്തുത ഭൗതികവാദം പഠിപ്പിച്ചിരുന്നു. അന്നത്തെ സയൻസിന്റെ നാമത്തിലാണ് അങ്ങനെ പഠിപ്പിച്ചിരുന്നതു്. പ്രസ്തുത പഠനം "ഊഹത്തിൽമാത്രം നിലയുറപ്പിക്കുന്നതായിരുന്നു; യഥാർത്ഥത്തിനെ.

സയൻസിന്റെ പ്രതിപാദനവിഷയം പദാർത്ഥവും അതിന്റെ ശക്തിയും മാത്രമാകയാൽ, പ്രകൃതിയിലും ലക്ഷണങ്ങളിലും പദാർത്ഥത്തിൽനിന്നു വിഭിന്നമായ ആത്മാവു് സയൻസിന്റെ പരിധിക്കപ്പുറം കിടക്കുന്നതിനാൽ, പദാർത്ഥവും അതിന്റെ ശക്തിയും മാത്രമേ സ്ഥിതിചെയ്യുന്നുള്ളുവെന്നു് സയൻസ് കൈകൊയ്യും ചെയ്തിരുന്ന ചിലർ "ഊഹിച്ച"തിൽ അശ്രദ്ധമില്ലല്ലൊ. എന്നാൽ പ്രപഞ്ചത്തിൽ കാണുന്നതും സയൻസ് തന്നെ കണ്ടുപിടിച്ചിട്ടുള്ളതുമായ വ്യാപാരങ്ങളെ ബുദ്ധിയുപയോഗിച്ചു പരിശോധിക്കുമ്പോൾ, പദാർത്ഥവും അതിന്റെ ശക്തിയും മാത്രമല്ല സ്ഥിതിചെയ്യുന്നതെന്നും, പ്രകൃതിയിലും ലക്ഷണങ്ങളിലും അവയിൽനിന്നു ഭിന്നമായ ആത്മാവും പ്രപഞ്ചത്തിൽ സ്ഥിതിചെയ്യുന്നുണ്ടെന്നും സമ്മതിക്കേണ്ടതാണെന്നു് തത്വശാസ്ത്രജ്ഞന്മാർ (Philosophers) യുക്തിയുക്തം സമർത്ഥിച്ചിട്ടുണ്ടു്. സ

യൻസ് എന്ന പദത്തിന്റെ അർത്ഥം ജ്ഞാനം എന്നാണല്ലൊ. ഈ അർത്ഥത്തിൽ തത്വശാസ്ത്രവും (Philosophy) ഒരു സയൻസുതന്നെയാണ്. സയൻസ് എന്നു മാത്രം സാധാരണയായി വിളിക്കപ്പെടുന്ന നാനാതരം പ്രകൃതിശാസ്ത്രങ്ങളുടെ പ്രതിപാദനവിഷയം ഒന്നുവേറെ, തത്വശാസ്ത്രത്തിന്റെ പ്രതിപാദനവിഷയമൊന്നുവേറെ എന്ന വ്യത്യാസമേയുള്ളു. തത്വശാസ്ത്രജ്ഞന്മാർ അനിഷേധ്യങ്ങളായ ന്യായവാദങ്ങളാൽ ആത്മാവിന്റേയും ദൈവത്തിന്റേയും അനന്തരജീവിതത്തിന്റേയും മറും അസ്തിത്വം തെളിയിച്ചിട്ടുള്ളതുകൊണ്ട്, ആ ന്യായങ്ങളെ ഖണ്ഡിക്കുവാൻ എതിരാളികൾക്കു സാദ്ധ്യമല്ലാത്തതുകൊണ്ട്, ഭൗതികവാദത്തിന്റെ നിഷേധങ്ങൾ കേവലം "ഊഹത്തിൽമാത്രം നിലയുറപ്പിക്കുന്ന"താണെന്നു് സമ്മതിക്കാതെ നിവൃത്തിയില്ല.

ഭൗതികവാദത്തെ
സയൻസു് പിന്താങ്ങുന്നില്ല.

തത്വജ്ഞന്മാർ മാത്രമല്ല, ശാസ്ത്രജ്ഞന്മാർതന്നെയും, അതും ഒന്നാംകിടയിൽ നില്ക്കുന്ന ശാസ്ത്രജ്ഞന്മാർ, ഭൗതികവാദത്തെ നിഷേധിക്കുകയും, ആത്മാവിന്റേയും ദൈവത്തിന്റേയും അനന്തരജീവിതത്തിന്റേയും മറും അസ്തിത്വം സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. അതിനു തെളിവു് 17, 18 നൂറ്റാണ്ടിലെ ശാസ്ത്രജ്ഞന്മാരിൽ മഹാഭൂരിപക്ഷവും മതവിശ്വാസികളായിരുന്നുവെന്നതുതന്നെ. കഴിഞ്ഞ നൂറ്റാണ്ടിലെ ശാസ്ത്രജ്ഞന്മാരിൽ അഗ്രഗണ്യരിൽപ്പെട്ട കെൽവിൻപ്രഭു തന്റെ നാമത്തിൽ മാത്രമല്ല, സയൻസിന്റെ നാമങ്ങളിൽത്തന്നെ സ്രഷ്ടാവായ ദൈവത്തിന്റെ അസ്തിത്വം പ്രഖ്യാപിച്ചിട്ടുണ്ട്. "സയൻസു് സൃഷ്ടിശക്തിയെ സമ്മതിച്ചു പറയുന്നു; അതൊരു വിശ്വാസസത്യമായി സ്വീകരിക്കുവാൻ സയൻസു് നമ്മെ നിർബന്ധിക്കുകയും ചെയ്യുന്നു."

ബർലിൻ സർവ്വകലാശാലയിലെ ഒരു പ്രൊഫസറായിരുന്ന ക്രോണിംഗ് (Kroning) പറയുന്നതു കേട്ടാലും:–

"പ്രപഞ്ചത്തിൽ ഒരു ബുദ്ധിശക്തിയുടെ അസ്തിത്വം ബുദ്ധിയുള്ള യാതൊരു മനുഷ്യനും സംശയിക്കുകയില്ലെന്നാണ് എന്റെ വിശ്വാസം; മാഗ്നറിസത്തിന്റെ അസ്തിത്വം യാതൊരു പ്രകൃതിശാസ്ത്രജ്ഞനും നിഷേധിക്കാത്തതുപോലെ. ഇങ്ങനെയിരിക്കെ, ബുദ്ധിയുടെ വ്യാപാരത്താൽ മാത്രം സംഭവിക്കാൻ കഴിയുന്നതാണെന്ന് ഏറ്റവും ഉചിതമായി സംശയലേശമെന്യേ വ്യാഖ്യാനിക്കപ്പെടാവുന്ന വസ്തുതകളെ വ്യാഖ്യാനിക്കുവാൻ മനുഷ്യർ ബുദ്ധിയെ ഉപയോഗിക്കാത്തതെന്തുകൊണ്ടെന്നു എനിക്കു മനസ്സിലാകുന്നില്ല.

ബോയിൽ (R. Boyle) എന്ന ശാസ്ത്രജ്ഞൻ പറയുന്നതിങ്ങനെയാണ്:–

"ദൈവത്തിന്റെ കരം കണ്ടെത്താതെ സൃഷ്ടിയുടെ രഹസ്യങ്ങളെപ്പറ്റിയുള്ള ജ്ഞാനത്തിലേയ്ക്ക് യഥാർത്ഥ ശാസ്ത്രജ്ഞന് ഒരിക്കലും പ്രവേശിക്കുവാൻ സാദ്ധ്യമല്ല."

ലിബിഗ് (Liebig) എന്ന ശാസ്ത്രജ്ഞൻ പറയുന്നു:–

"ഒരു ഇല അല്ലെങ്കിൽ ഒരു പുഷ്പം രാസശക്തികളാൽ (Chemical Forces) രൂപീകൃതമാകുവാനോ വളർച്ചയിലെത്തുവാനോ കഴിയുമെന്ന് വിശ്വസിക്കുന്നതിനേക്കാൾ ഞാൻ തയാറുള്ളതു്, രസതന്ത്രത്തേയോ സസ്യശാസ്ത്രത്തേയോ പ്രതിപാദിക്കുന്നേ ഒരു ഗ്രന്ഥത്തിനു് മൃതപദാർത്ഥത്തിൽനിന്നു വളർന്നുവരുവാൻ സാധിക്കുമെന്നു് വിശ്വസിക്കാനാണു്."

ഡാർവിൻ തന്നെയും ഭൗതികവാദത്തെ ഇപ്രകാരം നിഷേധിക്കുന്നു:–

"പ്രകൃതിസംഭവങ്ങളുടെ ഈ മഹത്തായ അനുഗമനം അന്ധവും യാദൃശ്ചികവുമായ പ്രവർത്തനങ്ങളുടെ

ഫലമാണെന്നു വിശ്വസിക്കുവാൻ മനസ്സു വിസമ്മതിക്കുന്നു. അത്തരം ഒരനുമാനത്തെ ബുദ്ധി പ്രതിഷേധിക്കുന്നു."

പുതിയ സയൻസും ഭൗതികവാദത്തെ നിഷേധിക്കുന്നു.

ഈശ്വരനേയും ആത്മാവിനേയും 20-ാം നൂറ്റാണ്ടിലെ സയൻസും നിഷേധിക്കുന്നുവെന്നാണ് ലേഖകൻ സൂചിപ്പിക്കുന്നതു്. ഇവിടെയും സയൻസും സയൻസുപണ്ഡിതന്മാരും തമ്മിലുള്ള വ്യത്യാസം അനുസ്മരിക്കേണ്ടിയിരിക്കുന്നു. 20-ാം നൂറ്റാണ്ടിലെ സയൻസു് പണ്ഡിതന്മാരിൽ ചിലരും, മുൻ നൂറ്റാണ്ടുകളിലെ സയൻസു് പണ്ഡിതന്മാരെപ്പോലെ, ദൈവത്തേയും ആത്മാവിനേയും നിഷേധിക്കുന്നുണ്ടെന്നു സമ്മതിക്കാം. എന്നാൽ അതുകൊണ്ടു് അവയെ സയൻസു് നിഷേധിക്കുന്നുവെന്നു പറഞ്ഞുകൂടാ. സയൻസു് എന്ന ശബ്ദത്തിൽ സയൻസു് പണ്ഡിതന്മാർ മിക്കവാറും എല്ലാവരും ഉൾപ്പെടുന്നു. മാത്രമല്ല, സയൻസു് അതിന്റെ സ്വഭാവത്താൽത്തന്നെ നിഷേധിക്കുന്നുവെന്നും അർത്ഥമാകും. എന്നാൽ മുകളിൽ സൂചിപ്പിച്ചതുപോലെ ദൈവം, ആത്മാവു് മുതലായ അഭൗതികങ്ങൾ സയൻസിന്റെ പ്രതിപാദന പരിധിയിലുള്ളതാകയാൽ സയൻസിന്റെ നാമത്തിൽ അവയുടെ നിഷേധം അവകാശപ്പെടാൻ ന്യായമില്ല. ഇനി ഇരുപതാം നൂറ്റാണ്ടിലെ സയൻസു പണ്ഡിതന്മാരെത്തന്നെ എടുക്കുക. എന്നാലും കാണാം, അവരിൽ ബഹുഭൂരിപക്ഷവും ദൈവത്തിലും ആത്മാവിലും വിശ്വാസമുള്ളവരാണെന്നും, തന്മൂലം ഭൗതികവാദത്തെ നിഷേധിക്കുന്നവരാണെന്നും. ഇതിനൊരു ദൃഷ്ടാന്തം പറയാം. സി. എൽ. ഡ്രാബ്രിഡ്ജ് (C. L. Drawbridge, M. A.) എന്ന പണ്ഡിതൻ ഇംഗ്ലണ്ടിലെ റോയൽ സൊസയിറ്റിയെന്ന ശാ

സൃജ്ഞസംഘത്തിലെ അംഗങ്ങളെല്ലാവരോടും മതത്തെ പ്പറ്റിയുള്ള അവരുടെ അഭിപ്രായങ്ങൾ പ്രകാശിപ്പിക്കുവാൻ ആവശ്യപ്പെട്ടു. അവർക്കേറ്റം അയച്ച ചോദ്യങ്ങളിലൊന്ന് "യേശുക്രിസ്തു പഠിപ്പിച്ച വിധത്തിലുള്ള ഒരു പുരുഷാത്മകനായ ദൈവത്തിന്റെ അസ്തിത്വം സയൻസ് നിഷേധിക്കുന്നുണ്ടെന്ന് നിങ്ങൾ വിചാരിക്കുന്നോ?" എന്നായിരുന്നു. സംഘത്തിലെ 26 അംഗങ്ങൾ മറുപടി പറഞ്ഞു, സയൻസ് അതു നിഷേധിക്കുന്നുവെന്ന്. 103 അംഗങ്ങൾ മറുപടി പറഞ്ഞതു്, സയൻസ് അതു നിഷേധിക്കുന്നില്ലെന്നാണ്. വേറൊരുചോദ്യം ഇങ്ങനെയായിരുന്നു:- "ശാസ്ത്രീയ ചിന്തയിൽ അടുത്തകാലത്തുണ്ടായിട്ടുള്ള അശ്ചര്യകരമായ വികാസങ്ങൾ മതവിശ്വാസത്തിനു് അനുകൂലങ്ങളാണെന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടോ?" വിചാരിക്കുന്നില്ലെന്ന് 27 പേരും വിചാരിക്കുന്നുണ്ടെന്ന് 99 പേരും മറുപടി പറഞ്ഞു. ഇതുപോലുള്ള മറുപടികളെല്ലാം ഉള്ളടക്കി മി. ഡ്റാബ്രിഡ്ജ് "ശാസ്ത്രജ്ഞന്മാരുടെ മതം" (Religion of Scientists) എന്ന അഭിധാനത്തിൽ ഒരു ഗ്രന്ഥം പരസ്യം ചെയ്യുകയുണ്ടായി. 1931-ലോ മറ്റോ ആണ് ഈ പ്രശ്നോത്തരങ്ങൾ നടന്നതു്. അതുകൊണ്ടാണ് 20-ാം നൂറ്റാണ്ടിലാണെന്നു തീർച്ചയാക്കുന്നതു്. പ്രശ്നോത്തരങ്ങളിൽ നിന്നു വെളിവാകുന്നതെന്താണ്? 20-ാം നൂറ്റാണ്ടിലെ സയൻസ് പണ്ഡിതന്മാർ ഭൂരിഭാഗവും ദൈവത്തിലും ആത്മാവിലും വിശ്വസിക്കുന്നവരാണെന്നും, തന്മൂലം ഭൗതികവാദത്തെ നിഷേധിക്കുന്നവരാണെന്നുമല്ലയോ? പ്രശ്നോത്തരങ്ങൾക്കു മറുപടി നൽകിയവരെ മാത്രമേ ഗണിക്കുന്നുള്ളു.

മഹാശാസ്ത്രജ്ഞന്റെ സാക്ഷ്യം.

കാലിഫോർണിയായിലെ ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ അളവും സാമ്പ്രദേശീയ പ്രസിദ്ധിയുള്ള പ്ര

കൃതിശാസ്ത്രജ്ഞനുമായ റോബർട്ട മില്ലിക്കൻ (Robert Millikan) പ്രകൃതിവിജ്ഞയത്തെ പരാമർശിച്ചു രണ്ടു ഗ്രന്ഥങ്ങളെഴുതിയിട്ടുണ്ട്. അതിലൊന്നിൽ (Science and the New Civilization) പറഞ്ഞിട്ടുള്ളതിങ്ങനെയാണ്:– "ഇങ്ങനെയെല്ലാമിരിക്കെ, സയൻസിന്റെ ഭൗതികത്വത്തെപ്പറ്റി ഇനിയും സംസാരിക്കുന്ന ആരെങ്കിലുമുണ്ടോ? അനേക നൂറാണ്ടുകൾക്കുമുൻപു് ബൈബിളിലെ സങ്കീർത്തന കർത്താവിനോടൊന്നിച്ചു് അഭിവന്ദനപൂർവ്വം ഇപ്രകാരം പ്രഖ്യാപിക്കുവാനാണ് ശാസ്ത്രജ്ഞനു് അധികം ന്യായമുള്ളതു്. "ആകാശങ്ങൾ ദൈവമഹത്വത്തെ പ്രകീർത്തിക്കുകയും അന്തരീക്ഷം അവിടുത്തെ കരകൗശലത്തെ പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഭൗതികവാദം തീർച്ചയായും ആധുനിക സയൻസിന്റെ പാപങ്ങളിലൊന്നല്ല."

അദ്ദേഹത്തിന്റെ രണ്ടാമത്തെ ഗ്രന്ഥത്തിൽ "Science and Religion" പ്രകൃതത്തെപ്പറ്റി പറയുന്നതിങ്ങനെയാണ്:–

"സയൻസു് നമ്മെ കാണിക്കുവാൻ തുടങ്ങിയതു് ക്രമീകൃതമായ ഒരു പ്രപഞ്ചത്തെയാണ്; ലക്കില്ലാത്ത ഒരു പ്രപഞ്ചത്തെയല്ല; അറിയുവാനും പ്രവചിക്കുവാനും നമുക്കു കഴിയുന്ന തരത്തിൽ വ്യാപരിക്കുന്ന ഒരു പ്രപഞ്ചത്തെയാണ്; ഒരു വക്കീൽ പറഞ്ഞാൽ, നിയമം വഴിയായി പ്രവർത്തിക്കുന്ന ഒരു ദൈവത്തെയാണ്."

ചിക്കാഗോ സർവ്വകലാശാലയിൽ ഫിസിക്സ് പ്രഫസറായ ആർതർ കോംറാൺ (Arthur Compton) തന്റെ ഒരു ഗ്രന്ഥത്തിൽ ("The Freedom of Man") പറയുന്നതു കേട്ടാലും:– "സയൻസു് മതത്തിന്റെ വിരോധിയല്ലെന്നു മാത്രമല്ല, അതിന്റെ സഖിയുമാണു്; പ്രകൃതിയുടെ ജ്ഞാനം നമ്മിൽ വർദ്ധിക്കുന്തോറും പ്രകൃതിയുടെ ദൈവത്തെപ്പ

റി നമുക്ക് കൂടുതലായ അറിവു ലഭിക്കുന്നു. ഇന്നത്തെ സയൻസ് പണ്ഡിതന്മാരിൽ നിരീശ്വരനിലയുറപ്പിക്കുന്നവർ തീർച്ചയായും ചുരുക്കമാണ്."

ഇതുപോലെ ഒന്നാംകിടയിൽ നില്ക്കുന്ന അനേകം ശാസ്ത്രജ്ഞന്മാരുടെ സാക്ഷ്യങ്ങളിൽനിന്നും തെളിയുന്നതു്, ഇരുപതാം നൂറ്റാണ്ടിലെ സയൻസും ദൈവത്തിനേയും ആത്മാവിനേയും അസ്തിത്വത്തെ സംശയിക്കുകയോ നിഷേധിക്കുകയോ ചെയ്യുകയല്ല, പ്രത്യുത സമ്മതിക്കുകയാണു് ചെയ്യുന്നതെന്നത്രേ. തന്മൂലം "ആത്മാവിനേയും ഭൗതികപദാർത്ഥത്തേയും ഒന്നായി കാണുകയും അവയുടെ മൗലികമായ ഐക്യം സാക്ഷാൽക്കരിക്കുവാൻ തുടങ്ങുകയും ചെയ്യുന്ന സയൻസാണു് ഇരുപതാം ശതകത്തിലുള്ളതു്" എന്ന പ്രസ്താവം അടിസ്ഥാനരഹിതം തന്നെ.

മനസ്സും പദാർത്ഥവും ഒന്നാണെന്ന വാദം അശാസ്ത്രീയം

"മനസ്സിനേയും ആത്മാവിനേയും ഭൗതിക പദാർത്ഥത്തേയും ഒന്നായിക്കാണുകയും അവയുടെ മൗലികമായ ഐക്യം സാക്ഷാൽക്കരിക്കുകയും" ചെയ്യുന്ന ഭൗതികവാദം ശാസ്ത്രീയമാണെന്നാണല്ലൊ ലേഖകൻ പറയുന്നതു്. സൂക്ഷ്മമായി പരിശോധിച്ചാൽ കാണാം, അതു് ഏറ്റവും അശാസ്ത്രീയമാണെന്നു്. കാരണം മനസ്സിന്റെ (Mind) സ്വഭാവവും ലക്ഷണങ്ങളും പദാർത്ഥത്തിന്റെ (Matter) ഭിന്നങ്ങളാണു്; എന്നല്ല, അവ പരസ്പരവിപരീതങ്ങളുമാണു്. യാതൊന്നു മനസ്സു് ആണെങ്കിൽ അതു പദാർത്ഥമാകാൻ സാദ്ധ്യമല്ല; യാതൊന്നു പദാർത്ഥമാണെങ്കിൽ അതു മനസ്സു് ആകാനും സാദ്ധ്യമല്ല. മനസ്സു് ആദ്ധ്യാത്മികവും, പദാർത്ഥം ഭൗതികവുമാണു്. ഇങ്ങനെ പരസ്പരവിപരീതങ്ങളായവയെ ഒന്നായിക്കാണുകയും, അവയ്ക്കു മൗലികമായ ഐക്യമുണ്ടെന്നു സ

മെതിക്കുകയും ചെയ്യുന്ന സിദ്ധാന്തം ഏറ്റവും അശാസ്ത്രീയമാണെന്നു സ്പഷ്ടമല്ലയോ? കറുപ്പും വെളുപ്പും, അന്ധകാരവും പ്രകാശവും, ചതുരവും വൃത്തവും ഒന്നായിക്കാണുമെന്നും, ഓരോ ഗണത്തിനും മൗലികമായ ഐക്യമുണ്ടെന്നും പറയുന്നതുപോലെ അശാസ്ത്രീയമാണത്.

മനുഷ്യശരീരത്തിലെ ഭൗതിക പദാർത്ഥം

ഭൗതികപദാർത്ഥത്തിന്റെ ലക്ഷണങ്ങളെന്തൊക്കെയാണ്? അതിനു സ്ഥലബന്ധമുണ്ട്: ഏതെങ്കിലും ഒരു പ്രത്യേക സ്ഥലത്തായിരിക്കും അതിരിക്കുന്നത്. അതിനു രൂപം, ആകൃതി, ഘനം മുതലായവയുണ്ട്; പഞ്ചേന്ദ്രിയങ്ങൾക്ക് അതു ഗോചരവുമാണ്; കല്ലും, മരവും, വെള്ളവും മറ്റും ഇങ്ങനെയുള്ളവയാണ്. നമ്മുടെ ശരീരവും ഈ ഗണത്തിൽ പെടുന്നു. ഭൗതിക പദാർത്ഥത്തിനു ഒരു സമയത്തുള്ള അതിന്റെ പ്രകൃതിയിൽനിന്നു വേറൊരു സമയത്തു് മറ്റൊരു പ്രകൃതിയോടുകൂടിയതായി പരിവർത്തനം ചെയ്യാൻ കഴിയും. വിറകു ചാരമായും, പുല്ലു പശുവിന്റെ ശരീരാംശമായും പരിവർത്തനം ചെയ്യുന്നു. അസ്ഥിരമായ ഈ പ്രകൃതി സകല ഭൗതികപദാർത്ഥങ്ങൾക്കും അവശ്യം ഉള്ളതാണ്. ഈ ലക്ഷണം മനുഷ്യശരീരത്തിനുമുണ്ട്. സ്വന്തം പ്രകൃതി ഭേദപ്പെട്ട് ഭിന്നപ്രകൃതിയോടുകൂടിയ മറ്റനേകം ഭൗതിക വസ്തുക്കളായി പരിവർത്തനം ചെയ്യുവാൻ അതിനു കഴിയും. മൃതശരീരത്തിനു സംഭവിക്കുന്നതു് അതാണല്ലൊ? എന്നാൽ മനുഷ്യശരീരം കേവലം പദാർത്ഥമല്ല; അതു സജീവമായ പദാർത്ഥമാണ്. ആന്തരികമായ ഏതോ ശക്തിയുടെ പ്രവർത്തനത്താൽ, സസ്യങ്ങളേയും ജന്തുക്കളേയുംപോലെ അതു വളർച്ച പ്രാപിക്കുകയും സ്വപ്രകൃതിയോടുകൂടിയ മറ്റു വ്യക്തികളെ ഉത്പാദിപ്പിക്കുകയും ചെയ്യുന്നു. ഈ പ്രവർത്തനങ്ങളിൽനിന്നു തെളിയുന്നു, മനുഷ്യ

ശരീരത്തിൽ ഒരു ജീവച്ഛക്തിയുണ്ടെന്നു്. അവയുടെ അഭാവവും അതു തെളിയിക്കുന്നുണ്ടു്. ജീവച്ഛക്തി നഷ്ടപ്പെട്ട മനുഷ്യശരീരം ഒരിക്കലും ജീവച്ഛക്തിയില്ലാതിരുന്ന പദാർത്ഥത്തിന്റെ നിലയിലേയ്ക്കു് കേവലം പിന്തിരിയുകയല്ല ചെയ്യുന്നതു്. അതു ചീഞ്ഞുപോകുന്നു. ഇതെല്ലാം പദാർത്ഥത്തിന്റേയും അതിനുള്ളിൽ സ്ഥിതി ചെയ്യുന്ന ജീവച്ഛക്തിയുടേയും പ്രകൃതിയും ലക്ഷണങ്ങളുമാണു്.

മനുഷ്യമനസ്സു് (Mind) അഭൗതികം.

എന്നാൽ പദാർത്ഥത്തോടും അതിൽ കൂടികൊള്ളുന്ന ജീവച്ഛക്തിയോടും യാതൊരു സാമ്യവുമില്ലാത്ത പ്രവർത്തനങ്ങൾ മനുഷ്യന്റെ മനസ്സിൽ കാണുന്നുണ്ടു്. ചിന്തനം (Thought) അത്തരത്തിലുള്ളതാണു്. ചിന്തയിൽ പദാർത്ഥസഹജമായ പ്രകൃതിയോ ലക്ഷണങ്ങളൊ കാണുന്നില്ല. അതിനു സ്ഥലബന്ധമില്ല; രൂപമോ, ആകൃതിയോ, ഘനമോ ഇല്ല; പഞ്ചേന്ദ്രിയങ്ങൾക്കു് അതു ഗോചരവുമല്ല; അതു മാറു പ്രകൃതിയും ലക്ഷണങ്ങളുമുള്ള വേറൊരു വസ്തുവായി പരിവർത്തനം ചെയ്യുവാൻ കഴിയുന്നതുമല്ല. ഇപ്രകാരം തന്റെ ശരീരത്തിലെ പദാർത്ഥത്തോടു യാതൊരു വിധത്തിലും സാമ്യമില്ലാത്ത ഒരു പ്രവർത്തനം തന്നിൽ കാണുന്നതുകൊണ്ടു് മനുഷ്യൻ ശാസ്ത്രീയമായിത്തന്നെ ഒരു നിഗമനത്തിൽ എത്തിച്ചേരുന്നു. അതായതു്, പരിപൂർണ്ണമായും അഭൗതികമായ എന്തോ ഒരു ഘടകം, തന്റെ ശരീരത്തിൽനിന്നു വിഭിന്നമായി, തന്നിലുണ്ടെന്നു്. ഈ അഭൗതിക ഘടകമാണു് മനുഷ്യമനസ്സു്.

ആശയം (Idea)

മനുഷ്യമനസ്സിന്റെ പ്രവർത്തനം ചിന്തനമാണു്. എന്റെമുമ്പിൽ ഒരു ഗോതമ്പുറൊട്ടിയിരിക്കുന്നു. നിശ്ചി

തസ്ഥലത്തു്, നിശ്ചിതങ്ങളായ ആകൃതിയോടും നിറത്തോടും ഘനത്തോടും മറ്റും കൂടിയാണു് അതിരിക്കുന്നതു്. ആ റൊട്ടി എന്റെ ദൃഷ്ടിയ്ക്കു ഗോചരമാകുമ്പോൾ അതിന്റെ ഒരു പ്രതിഛായ എന്റെ തലച്ചോറിൽ പതിയുന്നു. ആ റൊട്ടി എന്റെ മുമ്പിൽനിന്നും എന്റെ ദൃഷ്ടിയിൽനിന്നും മാറ്റപ്പെട്ടാലും, അതിനുശേഷം എത്രനാൾ കഴിഞ്ഞാലും, അതിന്റെ പ്രതിഛായ എന്റെ ഉള്ളിൽ സ്ഥിതിചെയ്യുന്നുണ്ടാകാം. ആ ഛായ എന്റെ മുമ്പിലിരുന്ന റൊട്ടിയേപ്പോലെ സ്ഥൂലമല്ല. പിന്നയോ ഏറ്റവുമുണ്ടു സൂക്ഷ്മമാണു്. എന്നുവരികിലും ആ ഛായ ആ റൊട്ടിയ്ക്കുണ്ടായിരുന്ന ആകൃതിയേയും നിറത്തേയും മറ്റും ശരിയായി പ്രതിബിംബിയ്ക്കുന്നുണ്ടു്. അതു് എന്റെ മുമ്പിലിരുന്ന റൊട്ടിയുടേതല്ലാതെ മറ്റേതു റൊട്ടിയുടേയും ഛായയല്ലെന്നു് എനിയ്ക്കു തീർച്ചയായും പറയുവാൻ കഴിയും. ഞാൻ കണ്ട റൊട്ടിയുടെ ആകൃതിയും നിറവും മുഴപ്പും മറ്റും വ്യത്യാസപ്പെട്ടിരുന്നെങ്കിൽ പ്രതിഛായ അവയ്ക്കനുസരണമായി വ്യത്യസ്ഥമായിരുന്നേനെ. അതിനാൽ പ്രസ്തുത പ്രതിഛായ ഭൗതികമാണെന്നു (Material) തെളിയുന്നു.

എന്നാൽ എന്റെ മുമ്പിലിരുന്ന ആ പ്രത്യേക റൊട്ടിയുടെ കായ്ം വിട്ടുകൊണ്ടു് റൊട്ടിയെന്ന സാമാന്യമായ വസ്തു എടുക്കുക. റൊട്ടിയുടെ ആശയം (Idea) എന്റെ മനസ്സിലുദിക്കുമ്പോൾ അതു് ആ സാമാന്യമായ വസ്തുവിന്റെ മാനസികഛായയാണെന്നുള്ളതിനു സംശയമില്ലല്ലൊ. എന്നുവരികിലും റൊട്ടിയെന്ന സാമാന്യമായ വസ്തു ബാഹ്യലോകത്തിൽ സ്ഥിതിചെയ്യുന്നില്ല. ഈ റൊട്ടി, ആ റൊട്ടി, മറ്റേ റൊട്ടി എന്നിങ്ങനെ വ്യക്തിഗതങ്ങളായ പ്രത്യേക ലക്ഷണങ്ങളോടുകൂടിയവയാണു് ബാഹ്യലോകത്തിൽ സ്ഥിതിചെയ്യുന്നതു്. ബാഹ്യലോകത്തിൽ സ്ഥിതിചെയ്യുന്ന റൊട്ടിയുടെ വ്യക്തിഗതങ്ങളായ സകല പ്രത്യേക ലക്ഷണങ്ങളും ഉരിഞ്ഞുമാറ്റി, അവയ്ക്കെല്ലാം സാമാന്യമായിരിക്കുന്നതും ഏ

തു റൊട്ടിക്കും പറയുന്നതുമായി അവശേഷിക്കുന്ന യാഥാ ത്ഥ്യത്തെയാണ്, റൊട്ടിയെന്ന വസ്തുവിന്റെ സത്തയെ ആണ് എന്റെ മനസ്സിലുള്ള പ്രസ്തുതാശയം പ്രതിബിം ബിപ്പിക്കുന്നതു്. തന്മൂലം ഭൗതിക പദാർത്ഥത്തിന്റെ യാ തൊരു ലക്ഷണവും ആ യാഥാർത്ഥ്യത്തിനില്ല. അതു കേ വലം അഭൗതികമാണ്. (Immaterial)

നാം 1, 2, 3, എന്നിങ്ങനെ എണ്ണുന്നുണ്ടല്ലൊ. ഈ എണ്ണങ്ങളുടെ ആശയം നമ്മുടെ മനസ്സിലുണ്ടെന്നു തീർച്ചതന്നെ. എന്നാൽ ഒന്നു് എന്ന ആശയം പ്രതി ബിംബിപ്പിക്കുന്ന യാഥാർത്ഥ്യം ബാഹ്യലോകത്തിൽ സ്ഥിതിചെയ്യുന്നുണ്ടോ? ഒരു മനുഷ്യൻ, ഒരു പശു, ഒരു മാവു്, ഒരു കല്ലു് എന്നീ യാഥാർത്ഥ്യങ്ങൾ ബാഹ്യലോക ത്തിൽ സ്ഥിതിചെയ്യുന്നുണ്ടു്; അല്ലാതെ ഒന്നു എന്ന ആശയത്തിനു പറയുന്ന നാമമായ, യാതൊരു പ്രത്യേക വസ്തുവിനോടും ബന്ധമില്ലാത്ത, യാഥാർത്ഥ്യം ബാഹ്യ ലോകത്തിലില്ല. ആകയാൽ പ്രസ്തുതാശയം ഭൗതികമ ല്ല. ഭൗതികവസ്തുവിൽനിന്നു് ഭൗതികമായ സകല ലക്ഷണങ്ങളും ഉരിഞ്ഞുമാറിക്കഴിഞ്ഞ അഭൗതികമായ ആശയമാണതു്. ഗുണനപ്പട്ടിക (Multiplication Table) മുഴുവനും ഇത്തരമാണു്. എന്തിനു്, അങ്കഗ ണിതം, ക്ഷേത്രഗണിതം, മുതലായ ശാസ്ത്രങ്ങൾ പ്രതി പാദിക്കുന്ന സകല ആശയങ്ങളും ഇപ്രകാരം അഭൗ തികമല്ലയോ?

സത്യം, നീതി, സമത്വം, സ്വാതന്ത്ര്യം, സാ ഹോദര്യം മുതലായി ഭൗതികവാദികൾ അനുനിമിഷം കൈകൊയ്യും ചെയ്യുന്ന ആശയങ്ങളോ? അവയും അഭൗ തികങ്ങളായ യാഥാർത്ഥ്യങ്ങളെയാണു് പ്രതിബിംബി പ്പിക്കുന്നതു്; പദാർത്ഥമയമോ പദാർത്ഥ ലക്ഷണമോ ഉള്ള യാഥാർത്ഥ്യങ്ങളെയല്ല. തന്മൂലം പ്രസ്തുതാശയങ്ങ ളും അഭൗതികങ്ങൾ തന്നെ.

ഇപ്രകാരം ഭൗതികങ്ങളായ വസ്തുക്കളിൽനിന്ന് അഭൗതികങ്ങളായ യാഥാർത്ഥ്യങ്ങൾ ഉരിഞ്ഞെടുക്കുകയും അവയെ പ്രതിബിംബിപ്പിക്കുന്ന അഭൗതികങ്ങളായ ആശയങ്ങളെ സൃഷ്ടിച്ചു തന്നിൽ ലയിപ്പിക്കുകയും ചെയ്യുന്ന മനസ്സ് അഭൗതികമായിരിക്കേണ്ടതല്ലേ? അല്ലാത്തപക്ഷം കായ്യം (Effect) കാരണത്തേക്കാൾ (Cause) ഉൽകൃഷ്ടമാണെന്ന അസംബന്ധം സ്വീകരിക്കേണ്ടിവരികയില്ലയോ? ആശയം കായ്യവും, മനസ്സ് അതിനെ രൂപീകരിക്കുന്ന കാരണവുമാണ്. ആകയാൽ മനസ്സ് അഭൗതികമാണെന്ന (Immaterial) സമ്മതിക്കുവാൻ യുക്തി നിർബന്ധിക്കുകതന്നെ ചെയ്യുന്നു. പിന്നെയെങ്ങനെയാണ് മനസ്സും പദാർത്ഥവും ഒന്നാണെന്നു പറയുവാൻ കഴിയുക? രണ്ടും ഒന്നാണെന്നു വാദിക്കുന്നത് അശാസ്ത്രീയമല്ലയോ? "ഊഹത്തിൽ മാത്രം നിലയുറപ്പിക്കുന്ന" വാദമല്ലയോ അത്? സയൻസു ഇതിനെ താങ്ങുന്നുണ്ടെങ്കിൽ അതു ശരിയായ സയൻസല്ല. ശരിയായ സയൻസ് വസ്തുക്കളുടെ പ്രവർത്തനങ്ങളെ പരിശോധിച്ചറിയുകയും ആ ജ്ഞാനത്തിന്റെ വെളിച്ചത്തിൽ വസ്തുക്കളുടെ സ്വഭാവമെന്തെന്നു നിശ്ചയിക്കുകയും ചെയ്യുന്നു. അങ്ങനെയുള്ള പരിശോധനയാണല്ലൊ നാം മുകളിൽ നടത്തിയത്. അതു നടത്തുന്നതിന് സയൻസിന്റെ വകയായ പ്രത്യേക ഉപകരണങ്ങളോ ലാബർട്ടറികളോ ആവശ്യമില്ല. കായ്യകാരണനിയമമനുസരിച്ച് ശരിക്കു ചിന്തിച്ചാൽ മാത്രം മതി. ആ ജോലിയാണ് തത്വശാസ്ത്രജ്ഞന്മാർ നിർവ്വഹിക്കുന്നത്. കത്തോലിക്കാ തത്വശാസ്ത്രജ്ഞന്മാർ അതു നിർവ്വഹിച്ചിട്ടുമുണ്ട്. അവരുടെ യുക്തികളെ തട്ടിക്കുവാൻ സയൻസിനു സാദ്ധ്യമല്ല. കാരണം, സയൻസിന്റെ പ്രതിപാദന വിഷയം ഭൗതികവസ്തുക്കൾ മാത്രമാണ്; അഭൗതികമായ വസ്തുക്കളെ കണ്ടുപിടിക്കുവാൻ സയൻസിനു സ്വതഃ സാദ്ധ്യമല്ല.

മനസ്സിന്റെ അഭൗതികത്വത്തിനു് കൂടുതൽ തെളിവുകൾ.

മനസ്സു് ആശയങ്ങളെ ഗ്രഹിക്കുക മാത്രമല്ല, അവയെ സംബന്ധിച്ചു വിധി (Judgement) ചെയ്യുന്നമുണ്ടു്. ഉദാഹരണമായി "റൊട്ടി ഭക്ഷണസാധനമാകുന്നു." എന്ന വാക്യമെടുക്കുക. റൊട്ടിയുടെ ആശയവും ഭക്ഷണത്തിന്റെ ആശയവും തമ്മിൽ പൊരുത്തമുണ്ടെന്നാണല്ലൊ ഈ വാക്യത്തിലെ വിധിയുടെ സാരം. ഇപ്രകാരമൊരു പൊരുത്തമുണ്ടെന്നു വിധിക്കണമെങ്കിൽ മനസ്സു് പ്രസ്തുത രണ്ടാശയങ്ങളേയും ഒരേസമയത്തു ഗ്രഹണപഥത്തിൽ വച്ചുകൊണ്ടു താരതമ്യം ചെയ്യണം. മനസ്സു് ഭൗതികമാണെങ്കിൽ ഈ താരതമ്യം അതിനു സാദ്ധ്യമല്ല. എന്തുകൊണ്ടാണെന്നു പറയാം. ഭൗതിക പദാർത്ഥം സംയുക്തമാകുന്നു (Compound); അനേകം ഭാഗങ്ങളാൽ സംഘടിതമാണതു്. "ഒരു ജീവാണുവിൽ (Cell) പതിനായിരത്തിനുമേലും പത്തുലക്ഷത്തിനു താഴെയും രാസവസ്തുക്കൾ (Chemical Substance) ഉണ്ടെ"ന്നാണു് ഒരു വലിയ ശാസ്ത്രജ്ഞനായ ഹാൽഡെയിൻ (J. B. Haldane) പറയുന്നതു്. ഭൗതികപദാർത്ഥങ്ങളിലുള്ള ഈ ഓരോ ഭാഗവും മറ്റു ഭാഗങ്ങൾക്കു പുറത്തു നില്ക്കുന്നു. റൊട്ടിയുടെ ഒരു ഭാഗം അതിന്റെ മറ്റു ഭാഗങ്ങൾക്കു പുറമേ നില്ക്കുന്നപോലെയെന്നു പറയാം. മനസ്സു് ഇങ്ങനെ പരസ്പരം പുറത്തു നില്ക്കുന്ന അനേകം ഭാഗങ്ങളോടുകൂടിയ പദാർത്ഥമാണെങ്കിൽ പ്രസ്തുത രണ്ടാശയങ്ങളിൽ അപ്പത്തിന്റെ ആശയം ഒരു ഭാഗത്തും, ഭക്ഷണത്തിന്റെ ആശയം മറ്റൊരു വശത്തും ആയിരിക്കും സ്ഥിതിചെയ്യുക. ആദ്യഭാഗത്തെ നമുക്കു A എന്നും രണ്ടാമത്തെ ഭാഗത്തെ B എന്നും വിളിക്കാം. A എന്നഭാഗത്തിനു് B എന്ന ഭാഗത്തുള്ള ആശയത്തെപ്പറ്റി ബോധമുണ്ടായിരിക്കുകയില്ല; B എന്ന ഭാഗത്തിനു A എന്ന ഭാഗത്തുള്ള ആശയത്തെപ്പറ്റിയും ബോ

ധമുണ്ടായിരിക്കുകയില്ല. തന്മൂലം ആ ഓരോ ഭാഗത്തിനും തനിച്ചോ ഒരുമിച്ചുചേർന്നോ പ്രസ്തുതാശയങ്ങളെ താരതമ്യം ചെയ്യാൻ സാദ്ധ്യമല്ല. അതുപോലും മൂന്നാമതൊരു ഭാഗത്തിനു സാദ്ധ്യമല്ല. കാരണം അതിൽ പ്രസ്തുതാശയങ്ങൾ ഒന്നുപോലും സ്ഥിതിചെയ്യാതിരിക്കുന്നതുകൊണ്ട് അവ ഒന്നിനെപ്പറ്റിയും അതിനു ബോധമില്ല. താരതമ്യം സാദ്ധ്യമാകണമെങ്കിൽ രണ്ടാശയങ്ങളും വിഭിന്നഭാഗങ്ങളിൽ സ്ഥിതിചെയ്യാതിരിക്കണം. ഈ വ്യവസ്ഥ ഭാഗങ്ങളില്ലാത്ത, അസംയുക്തമായ, വസ്തുവിലേ നിറവേറുകയുള്ളു. ആകയാൽ ആശയങ്ങളെ താരതമ്യം ചെയ്ത് അവയുടെ പൊരുത്തത്തെക്കുറിച്ചു വിധിചെയ്യുന്ന മനസ്സ് അവശ്യം അഭൗതികമായിരിക്കണമെന്നു സിദ്ധം.

ക്രൂടാതെ വിധിചെയ്യുന്ന മനസ്സ് ഒരാശയവും മറ്റൊരാശയവും തമ്മിലുള്ള സംബന്ധം (Relation) ഗ്രഹിക്കണമല്ലൊ. എന്നാലല്ലേ അവതമ്മിൽ പൊരുത്തമുണ്ടോ ഇല്ലയോ എന്നു നിശ്ചയിക്കുവാൻ സാധിക്കൂ. പ്രസ്തുത സംബന്ധം ഭൗതികവസ്തുക്കൾക്കു സഹജമായ ലക്ഷണങ്ങളോടുകൂടിയ യാഥാർത്ഥ്യമല്ലല്ലൊ. അതിനു് ആകൃതി, നിറം, ഘനം മുതലായവ ഒന്നുമില്ല. ആ ലക്ഷണങ്ങളെല്ലാം ഉരിഞ്ഞു മാറ്റപ്പെട്ട (Abstract), അതിനാൽ അഭൗതികമായ, യാഥാർത്ഥ്യമാണതു്. തന്മൂലം അതു ഗ്രഹിക്കുവാൻ കഴിയുന്ന മനസ്സും അഭൗതികമായിരുന്നേ മതിയാകൂ.

ഇപ്പറഞ്ഞ ന്യായങ്ങൾ സർവ്വസാമാന്യങ്ങളും (Universal) സനാതനങ്ങളുമായ (Eternal) വിധികളുടെ കാര്യത്തിൽ പ്രത്യേകിച്ചും ബാധകമാണ്. "മനുഷ്യനു മരണമുണ്ടു്" എന്ന സർവ്വസാമാന്യമായ വിധിയും, രണ്ടും രണ്ടും നാലാണു് എന്ന സനാതനമായ വിധിയും വ്യക്തിഗതങ്ങളായ ലക്ഷണങ്ങളുള്ളവയല്ല. അ

തിനാൽ ഭൗതികങ്ങളല്ല, അഭൗതികങ്ങളാണ്. തന്മൂലം അവയെ ഉൾക്കൊള്ളുന്ന മനസ്സും അഭൗതികം തന്നെയായിരിക്കണം.

അനുമാനം (Reasoning)

മനസ്സിന്റെ മൂന്നാമതൊരു പ്രവൃത്തി അനുമാനമാകുന്നു (Reasoning). ഭക്ഷണസാധനങ്ങൾക്കൊന്നിനും വില്പനനികുതിയില്ല; എന്നാൽ റൊട്ടി ഭക്ഷണസാധനമാണ്; അതിനാൽ റൊട്ടിയ്ക്കു വില്പനനികുതിയില്ല: ഈ അനുമാനം എടുക്കുക. ഇവിടെ മനസ്സ് രണ്ടു വിധികളെ തമ്മിൽ താരതമ്യം ചെയ്യുന്നു; അവയുടെ പരസ്പരബന്ധം ഗ്രഹിക്കുന്നു; അവയിൽ അസ്പഷ്ടമായിരിക്കുന്ന തത്വത്തെ പ്രസ്പഷ്ടമാക്കി മൂന്നാമതൊരു വിധി ചെയ്യുന്നു. ആദ്യത്തേയും രണ്ടാമത്തേയും വിധികൾ മനസ്സിന്റെ വെവ്വേറെ സ്ഥാനങ്ങളിൽ, പ്രത്യേക അറകളിലെന്നവണ്ണം, സ്ഥിതിചെയ്യുന്നപക്ഷം അവയെ താരതമ്യം ചെയ്വാനും, അവയിൽനിന്നു മൂന്നാമതൊരു തത്വം അനുമിച്ചെടുക്കുവാനും സാദ്ധ്യമല്ല. സാദ്ധ്യമാകണമെങ്കിൽ രണ്ടു വിധികളും വിഭിന്ന സ്ഥാനങ്ങളിൽ സ്ഥിതിചെയ്യാതിരിക്കണം. ഈ വ്യവസ്ഥ അവിഭക്തമായ വസ്തുവിലേ നിറവേറുകയുള്ളു. ആകയാൽ അനുമാനമെന്ന മനസ്സിന്റെ മൂന്നാമത്തെ പ്രവൃത്തിയും തെളിയിക്കുന്നു, മനസ്സ് ഭൗതികമല്ലെന്ന്; അത് അഭൗതികമാണെന്ന്. മാത്രമല്ല, ഇവിടെയും രണ്ടു വിധികൾ തമ്മിലുള്ള ബന്ധമാണ് മനസ്സ് ഗ്രഹിക്കേണ്ടിയിരിക്കുന്നത്. ഏതാദൃശബന്ധം അഭൗതികമാണെന്നു മുകളിൽ പറഞ്ഞല്ലൊ. അക്കാരണത്താലും മനസ്സ് അഭൗതികമായിരിക്കണം.

പര്യാലോചന. (Reflection)

മനസ്സിന്റെ അഭൗതികതത്വം ഏറ്റവും സ്പഷ്ടമായി കാണുന്ന വേറൊരു പ്രവർത്തനം പര്യാലോചനയാണ് (Reflection). തന്നിലേയ്ക്കുതന്നെ തിരിഞ്ഞുനോക്കുകയെന്നാണ് ഈ ഇംഗ്ലീഷ് പദത്തിന്റെ വാച്യാർത്ഥം. നാം ഒരു കാര്യത്തെപ്പറ്റി ചിന്തിച്ചശേഷം ആ ചിന്തയെപ്പറ്റി വീണ്ടും ചിന്തിക്കുന്നതാണല്ലൊ പര്യാലോചന. ഈ പ്രവർത്തനത്തിന്റെ സ്വഭാവം പരിശോധിക്കാം. ഒരു കാര്യത്തെപ്പറ്റി ചിന്തിക്കുമ്പോൾ അതിന്റെ ആശയം മനസ്സിൽ പതിയുകയും, അതുമുഖേന ആ കാര്യത്തേപ്പറ്റി നമുക്കു ബോധമുണ്ടാവുകയും ചെയ്യുന്നു. അനന്തരം ആ ആത്മബോധത്തിലേയ്ക്കു തിരിഞ്ഞ്, അതിനേപ്പറ്റി മനസ്സ് വീണ്ടും ചിന്തിച്ച് ആ ബോധം ശരിയാണോയെന്നു നോക്കുന്നു. ഇങ്ങനെ തിരിയുകയും നോക്കുകയും ചെയ്യുന്നതിൽ ഒരു പ്രത്യേകത കാണുന്നുണ്ട്. കാര്യത്തെപ്പറ്റി ചിന്തിയ്ക്കുമ്പോൾ കാര്യം ചിന്താവിഷയവും, മനസ്സ് ചിന്താകർത്താവുമാണ്. എന്നാൽ കാര്യത്തെപ്പറ്റി ചെയ്ത ചിന്തയെക്കുറിച്ച് വീണ്ടും ചിന്തിക്കുമ്പോൾ, മനസ്സ് ചിന്താകർത്താവു മാത്രമല്ല, ചിന്താവിഷയവുംകൂടിയാകുന്നു. ഇങ്ങനെയൊരു തിരിഞ്ഞുനോട്ടം ഭൗതികമായ ശക്തികൾക്കു സാദ്ധ്യമല്ല. കണ്ണു കണ്ണിനെ കാണുകയും ചെവി ചെവിയെ കേൾക്കുകയും സാദ്ധ്യമാണോ? ഭൗതികപദാർത്ഥം സംഘടിതമാണെന്നു പറഞ്ഞുവല്ലൊ. പരമാണുപ്രായങ്ങളായ അനേകം ഭാഗങ്ങൾ കൂടിച്ചേർന്നുള്ളതും, ഒരു ഭാഗം മറേറ ഭാഗത്തിൽനിന്നു വ്യതിരിക്തമായിരിക്കുന്നതുമാണത്. അങ്ങനെയുള്ള വസ്തുവിനു തന്നിലേയ്ക്കുതന്നെ തിരിഞ്ഞുനോക്കാൻ സാദ്ധ്യമല്ല. ഒരുതാൽ കടലാസ്സെടുക്കുക. അതിനു അതിന്മേൽത്തന്നെ തിരിഞ്ഞു സ്പർശിക്കുന്നതിനു സാധിക്കുകയില്ലല്ലൊ. ആ കടലാസ് മടക്കുന്നപക്ഷം അതിന്റെ ഒരു ഭാഗം മറെറാരുഭാഗത്തെ സ്പർശിക്കും. അല്ലാതെ ആ കടലാസ് മുഴുവനും അതിനെ മുഴുവ

ന്നും സ്പർശിക്കുകയോ, അതിന്റെ ഏതെങ്കിലും ഭാഗം ആ ഭാഗത്തെത്തന്നെ സ്പർശിക്കുകയോ ഇല്ല. ഇതുകൊണ്ടാണ് ഭൗതികവസ്തുവിന് ഈ തിരിഞ്ഞുനോട്ടം സാദ്ധ്യമല്ലാത്തത്. അതുകൊണ്ടാണ് അതിന് ആലോചനയെന്ന പ്രവൃത്തി നടത്തുന്ന മനസ്സ് അവിഭക്തം, അഭൗതികം, ആയേ കഴിയൂ.

ഇങ്ങനെ മനുഷ്യന്റെ ജ്ഞാനസംബന്ധമായ ആന്തരികപ്രവൃത്തികളെ പരിശോധിക്കുമ്പോൾ ഭൗതികങ്ങളായവ മാത്രമല്ലാ നാം കാണുന്നതു്; അഭൗതികങ്ങളേയും കാണുന്നുണ്ടു്. തന്മൂലം മനുഷ്യനിൽ ഭൗതികശക്തി മാത്രമല്ല, അഭൗതികശക്തിയും ഉണ്ടായിരിക്കണം. ഈ അഭൗതികശക്തിയാണു് മനസ്സു് (Mind).

ശാസ്ത്രജ്ഞന്മാർ അഭൗതികവസ്തു എന്തുകൊണ്ടു കാണുന്നില്ല?

നാം ഓരോരുത്തരുടേയും മാനസികവ്യാപാരങ്ങളെ മേൽ വിവരിച്ച വിധം അവഗ്രഥനംചെയ്തു പരിശോധിക്കുമ്പോൾ മനസ്സു് അഭൗതികമാണെന്നു് ഏറ്റവും സ്പഷ്ടമായി തെളിയുന്നുണ്ടെങ്കിലും, സയന്റിസ്റ്റ് അതു നിഷേധിക്കുന്നുവെന്നു് ചില ശാസ്ത്രജ്ഞന്മാർ വാദിക്കുന്നതെന്തുകൊണ്ടു്? അതിനു കാരണം ഭൗതികവസ്തുക്കളെ കണ്ടുപിടിക്കുവാൻ ഉപയോഗിക്കുന്ന മാർഗ്ഗങ്ങൾ തന്നെ മനസ്സിന്റെ കാര്യത്തിലും അവർ ഉപയോഗിക്കുന്നുവെന്നതാണു്. സത്യം കണ്ടുപിടിക്കുവാൻ അതല്ലാതെ മറ്റു മാർഗ്ഗങ്ങളില്ലെന്നാണു് അവരുടെ വിശ്വാസം. ഉദാഹരണമായി, പ്രൊഫസർ ഹക്സിലി (Huxley) പറയുന്നതു കേട്ടാലും:— "പ്രകൃതിശാസ്ത്രജ്ഞന്മാർ (Scientists) സത്യമുണ്ടെന്നു വിശ്വസിക്കുന്നു; എന്നാൽ ആ സത്യം വസ്തുതയിൽ ശ്രമകരമായി കെട്ടിപ്പടുത്തിട്ടുള്ളതാണു്; നിരീക്ഷണപരീക്ഷണങ്ങളാൽ പരിശോധിച്ചുറിഞ്ഞിട്ടുള്ളതാണു്; വേണ്ടിടത്തോളം ബുദ്ധി

മുട്ടാൻ തയാറുള്ളവർക്ക് യഥാർത്ഥമാണോയെന്നു പരിശോധിച്ചുനോക്കാൻ കഴിവുള്ളതുമാണു്.'' ഇതിന്റെ അർത്ഥം സ്പഷ്ടമല്ലയോ? ഈ പണ്ഡിതന്റെ ദൃഷ്ടിയിൽ ലാബർട്ടറിയിലേതുപോലുള്ള പരിശോധനകൾക്കു വിധേയമാകുന്ന സത്യം മാത്രമേ സ്ഥിതിചെയ്യുന്നുള്ളു. സത്യത്തിനു് ഇപ്രകാരമൊരു അതിർത്തി നിശ്ചയിച്ചാൽ ചരിത്രസത്യങ്ങൾപോലും സത്യങ്ങളല്ലെന്നു വരും. അമേരിക്കൻ വൈമാനികർ അണുബോമ്പിട്ടു ജപ്പാനിലെ രണ്ടു പട്ടണങ്ങൾ നശിപ്പിക്കുകയും അതോടെകൂടി ലോകമഹായുദ്ധം അവസാനിക്കുകയും ചെയ്തതു് ഒരു സത്യമല്ലേ? എന്നാൽ ആ സംഭവം ലാബർട്ടറിയിലേതുപോലുള്ള നിരീക്ഷണപരീക്ഷണങ്ങൾക്കു വിധേയമാകുമോ? അതു കണ്ടവരും റിപ്പോർട്ടു ചെയ്യുവരും വിശ്വാസയോഗ്യന്മാരാണോ എന്നുമറ്റുമുള്ള പരിശോധനയാലാണു് അതിന്റെ സത്യവത്വം ഗ്രഹിക്കേണ്ടതു്. ആ പരിശോധനയും ഭൗതികവസ്തുക്കളുടെ അസ്തിത്വം അറിയുന്നതിനുള്ള പരിശോധനയും തമ്മിൽ യാതൊരു സാമ്യവുമില്ല. അതുകയാൽ പ്രകൃതിശാസ്ത്രജ്ഞന്മാർ സത്യമറിയുന്നതിനു സ്വീകരിച്ചിട്ടുള്ള മാനദണ്ഡവും ഉപകരണവും അപൂർണ്ണമാണെന്നു തെളിയുന്നു. ഭൗതികവസ്തുക്കളെ സംബന്ധിച്ചുള്ള സത്യത്തിന്റെ കാര്യത്തിൽ അവ മതിയാകും. അഭൗതികങ്ങളെ സംബന്ധിച്ചുള്ള സത്യത്തിന്റെ കാര്യത്തിൽ അവ അപര്യാപ്തങ്ങളാണു്. അഭൗതികങ്ങൾ ഒന്നുംതന്നെ സ്ഥിതിചെയ്യുന്നില്ലെന്നു് കണ്ണുംപൂട്ടി മുൻകൂട്ടി വിധികല്പിക്കുന്നതു് യുക്തിഹീനമായിരിക്കും. യുക്തിപൂർവ്വകമാകണമെങ്കിൽ വിധിചെയ്യുന്നതു് തെളിവിനെ അടിസ്ഥാനമാക്കിയായിരിക്കണം. തെളിവെടുക്കുവാൻ സ്വീകരിക്കുന്ന മാനദണ്ഡവും ഉപകരണവും ഭൗതികങ്ങൾക്കു മാത്രം യോജിച്ചതായിരുന്നാൽ പോരാ; അഭൗതികങ്ങൾക്കു യോജിച്ചതുതന്നെയായിരിക്കണം. അവയാണ് തത്വശാസ്ത്രജ്ഞന്മാർ സ്വീകരിക്കുന്നതു്. അതുകൊണ്ടാണ് അവയ്ക്ക് അഭൗതികങ്ങൾ

കണ്ടെത്തുവാൻ സാധിക്കുന്നതു് ഇക്കാരണങ്ങളാൽ മനസ്സിനേയും ഭൗതികപദാർത്ഥത്തേയും ഒന്നായി കാണുകയും അവയുടെ മൗലികമായ ഐക്യം സാക്ഷാൽക്കരിക്കുകയും ചെയ്യുന്ന ഭൗതികവാദം അശാസ്ത്രീയമാകുന്നു.

മനുഷ്യനു് അഭൗതികമായ ഒരാത്മാവുണ്ടു്.

നമ്മുടെ മാനസികവ്യാപാരങ്ങളാണല്ലൊ നാം ഇതുവരെ പരിശോധിച്ചതു്. അവ അഭൗതികങ്ങളാണെന്നും, തന്മൂലം അവയ്ക്കു കാരണമായിരിക്കുന്ന ചിന്താശക്തി അഥവാ മനസ്സു് അഭൗതികമായിരിക്കുന്നേ കഴിയൂ എന്നും കണ്ടു. ഇനി വേറൊന്നുകൂടി അറിയേണ്ടിയിരിക്കുന്നു. ചിന്താശക്തിയായ മനസ്സിനെക്കൊണ്ടു് ആശയങ്ങൾ ഗ്രഹിക്കുക, വിധികൾ ചെയ്യുക, അനുമാനങ്ങളെടുക്കുക എന്നീ പ്രവൃത്തികൾ നടത്തിച്ചുകൊണ്ടു് സ്വതന്ത്രം കാലിലെന്നപോലെ സ്ഥായിയായി നിലകൊള്ളുന്ന ഏതെങ്കിലും അഭൗതികവസ്തു മനുഷ്യശരീരത്തിൽ കുടികൊള്ളുന്നുണ്ടോ? തീർച്ചയായും ഉണ്ടു്. അതിനുള്ള തെളിവു നമുക്കിനി കാണിക്കാം.

ഞാൻ എന്നതു് സ്ഥായിയായ വസ്തുവാണു്

"ഞാൻ" (Ego) എന്നു നാം ഓരോരുത്തരും വിചാരിക്കുകയും പറയുകയും ചെയ്യുന്നുണ്ടല്ലൊ. ആശയങ്ങൾ മനസ്സിൽ ഗ്രഹിക്കുന്നതു് ഞാൻ; അവയെ കൂട്ടിച്ചേർത്തു വിധികൾ ചെയ്യുന്നതു് ഞാൻ; വിധികൾ തമ്മിലുള്ള ബന്ധങ്ങളിൽനിന്നു് അനുമാനങ്ങളെടുക്കുന്നതും ഞാൻ. എന്റെ മനസ്സിൽക്കൂടി കടന്നുപോയിട്ടുള്ള സകല ആശയങ്ങളും സകല വിധികളും സകല അനു

മാനങ്ങളും എന്റേതാണെന്ന എനിക്ക നല്ല ബോധമുണ്ട്. നിലത്തെഴുത്തിനിരുന്നകാലത്തു് അക്ഷരമാല പഠിച്ചതു് ഞാനാണു്; കുറച്ചുകഴിഞ്ഞു കൂട്ടിവായിക്കാൻ പഠിച്ചതും ഞാനാണു്; പിന്നീടു സ്കൂളിൽചേർന്നു് പ്രൈമറിക്ലാസുകളിൽ ഭാഷയും കണക്കുംമറ്റും പഠിച്ചതും ഞാൻ; അനന്തരം ഇംഗ്ലിഷുസ്കൂളിൽ പ്രവേശിച്ചു് കൊല്ലംതോറും ഓരോക്ലാസിൽ മേൽക്കുമേൽ ഓരോ വിഷയം പഠിച്ചു് ഒടുവിൽ സ്കൂൾഫൈനൽ പാസായതും ഞാൻതന്നെ; അതുകൊണ്ടും തൃപ്തിയടയാതെ 4 കൊല്ലം കോളേജുക്ലാസുകളിൽ ക്രമമായി ഹാജർകൊടുത്തു് ഉപരിപഠനം നടത്തി ബി. എ. ഡിഗ്രി സമ്പാദിച്ചതും ഞാനാണു്. വിദ്യാലയജീവിതത്തിനുശേഷം വിവാഹം കഴിച്ചു് ഒരു കുടുംബനായകനായി ജീവിക്കാൻ തുടങ്ങിയതും ഞാനാണു്. കുടുംബാംഗങ്ങൾക്കുവേണ്ടി ക്ലേശിച്ചു ജോലിചെയ്തതും, അവരുടെ സുഖദുഃഖങ്ങളിൽ പങ്കുകൊണ്ടതും, അവരുടെ ഭാവിജീവിതത്തിനുവേണ്ട വകകൾ സമ്പാദിച്ചുവച്ചതും, ഒടുവിൽ വാർദ്ധക്യവാനായി കഴിഞ്ഞുകൂടുന്നതും ഞാനാണു്. ബാല്യംമുതൽ വാർദ്ധക്യംവരെയുള്ള ഈ ജീവിതത്തിൽ എത്രയെത്ര ആശയങ്ങളും വിധികളും അനുമാനങ്ങളും എന്റെ മനസ്സിൽക്കൂടി കടന്നുപോയിട്ടുണ്ടു്. അവ മുഴുവനായല്ലെങ്കിലും അവയിൽ പലതും ഞാനിന്നു് അനുസ്മരിക്കുന്നുണ്ടു്. അവ അതാതുകാലത്തു് മനസ്സിൽ ഉണ്ടായിരുന്നപ്പോൾ അവയെല്ലാം എന്റേതാണെന്നു് എനിക്കെങ്ങനെ ബോധമുണ്ടായിരുന്നോ അതേവിധത്തിൽതന്നെ അവ എന്റേതാണെന്നു് ഇപ്പോഴും എനിക്കു ബോധമുണ്ടു്. ഇങ്ങനെ ആയുഷ്കാലം മുഴുവൻ എന്നിൽ സ്ഥായിയായി നിലനിന്നിട്ടുള്ളതും ഇപ്പോൾ നിലനില്ക്കുന്നതുമായ ഈ "ഞാൻ" ആരാണു്?

മാനസികവ്യാപാരങ്ങളാകുന്ന ആശയങ്ങളും വിധികളും അനുമാനങ്ങളും എന്നിൽ ഒരുകാലത്തുണ്ടാ

യത്ത് പരസ്പരം ഒന്നിച്ചുകൂടി, ഒരു നിശ്ചിതരൂപം കൈക്കൊണ്ട് നിലകൊള്ളുന്ന വസ്തുവായിരിക്കുമോ ഈ "ഞാൻ?" അതായിക്കൂടാ. കാരണം, ആ വ്യാപാരങ്ങളോരോന്നും മനസ്സിന്റെ അതാതു സമയത്തെ അവസ്ഥാവിശേഷങ്ങൾ (Mental States) മാത്രമായിരുന്നു. അവയ്ക്ക്, സ്വന്തം കാലിലെന്നപോലെ, സ്വതന്ത്രമായി നിലകൊള്ളുവാൻ സാദ്ധ്യമല്ല. അവയെ മിന്നൽപ്രഭയോട് ഏതാണ്ട് സാമ്യപ്പെടുത്താം. അന്തരീക്ഷത്തിൽ മിന്നൽപ്രഭ പ്രത്യക്ഷപ്പെടുകയും തൽക്ഷണം അപ്രത്യക്ഷമാവുകയും ചെയ്യുന്നപോലെയാണ് പ്രസ്തുത അവസ്ഥാവിശേഷങ്ങൾ മാനസികാന്തരീക്ഷത്തിൽ വർത്തിക്കുന്നത്. ഒന്നിനു പിന്നാലെ ഒന്നുണ്ടാകുകയും മാറുകയും ചെയ്യുന്ന മിന്നൽപ്രഭകൾ യാതൊരു ഘടകത്താലും പരസ്പരം ബന്ധിക്കപ്പെടുകയും നിലനിർത്തപ്പെടുകയും ചെയ്യുന്നില്ലല്ലൊ. ആകയാൽ പ്രസ്തുത മാനസിക വ്യാപാരങ്ങളെ എന്നും എവിടേയും എന്റേതായി അവകാശപ്പെടുന്ന "ഞാൻ" അവയുടെ സഞ്ചയംമാത്രമാകുവാൻ സാദ്ധ്യമല്ല. അവയെ അപ്പഴപ്പോൾ തന്നിൽ സ്വീകരിക്കുകയും തള്ളുകയും നിർത്തുകയും ചെയ്യുന്ന സ്ഥായിയായ ഏതോ ഒരു വസ്തുവായിരിക്കണം ഞാൻ.

ഞാൻ എന്നതു് ഭൗതികവസ്തുവല്ല.

ഈ വസ്തുവാകട്ടെ ഭ്രാത്മകമായ എന്റെ ശരീരമോ അതിന്റെ ഏതെങ്കിലും അവയവമോ അംശമോ ആയിരിക്കുവാൻ നിവൃത്തിയില്ല. കാരണം, എന്റെ ശരീരം ഏതാനും കൊല്ലങ്ങൾകൊണ്ട് പരിപൂർണ്ണമായും നവീകരിക്കപ്പെടുന്നു. അതിലെ യാതൊരംശവും അവശേഷിക്കാതെ ഏതാനും കൊല്ലങ്ങൾക്കുള്ളിൽ പഴയതു മുഴുവനും മാറി തൽസ്ഥാനത്തു് പുതിയതു വന്നുചേരുന്നു. ഒരു നദിയിൽ അനുനിമിഷം പഴയ വെള്ളം മാറി പുതിയ വെള്ളം ഒഴുകി വന്നുകൊണ്ടിരിക്കുന്നതുപോലെ, കത്തിക്കൊണ്ടിരിക്കുന്ന ഒരു മെഴുകുതിരി

യിൽ അനുനിമിഷം പഴയജാല മാറി പുതിയ ജാല പൊങ്ങിവന്നുകൊണ്ടിരിക്കുന്നതുപോലെ, നമ്മുടെ ശരീരത്തിൽ അനുനിമിഷമെന്നോണം പഴയ അണുക്കൾ മാറി അവയുടെ സ്ഥാനത്ത് പുതിയ അണുക്കൾ സ്ഥലം പിടിക്കുകയാണ്. തന്മൂലം ഏതാനും കൊല്ലങ്ങൾ കഴിയുമ്പോൾ മുമ്പുണ്ടായിരുന്ന യാതൊരണുവും എന്റെ ശരീരത്തിൽ കാണുകയില്ല. ബാല്യത്തിൽ എന്റെ ശരീരത്തിലുണ്ടായിരുന്ന സകല അണുക്കളും ഇപ്പോൾ മാറിപ്പോയിരിക്കുന്ന സ്ഥിതിക്ക്, അന്നെന്റെ മനസ്സിലുണ്ടായിരുന്ന വ്യാപാരങ്ങളെ ഇന്നെന്നെ അനുസ്മരിപ്പിക്കുന്നതു് ആ അണുക്കളാകാൻ സാദ്ധ്യമല്ലല്ലൊ? അതുപോലെതന്നെ എന്റെ ഭൂതകാലജീവിതത്തിലെ ഓരോ ദശയിലും എന്റെ ശരീരത്തിലുണ്ടായിരുന്ന സകല അണുക്കളും മാറിക്കഴിഞ്ഞിരിക്കെ, ആ കാലദശകളിൽ എന്റെ മനസ്സിലുണ്ടായിരുന്ന വ്യാപാരങ്ങളെ ഇന്നെന്നെ അനുസ്മരിപ്പിക്കുന്നതു് ആ അണുക്കളാകുവാൻ സാദ്ധ്യമല്ല. ബാല്യത്തിലും മറ്റേതോ ദശയിലും എന്റെ മനസ്സിലുണ്ടായിരുന്ന വ്യാപാരങ്ങളെ തന്നിൽ സ്വീകരിച്ച വസ്തു ഒന്നുതന്നെയാണെന്നും, ആ വസ്തു ഈ ഞാൻ തന്നെയാണെന്നും എന്റെ ആത്മബോധം സാക്ഷീകരിക്കുന്നുണ്ടെന്നുള്ള സംഗതി പ്രത്യേകം ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

ഒരു വീണയുടെ ഒരു കമ്പിക്കു കേടുവന്നാൽ അതു മാറി പുതുതായ വേറൊരു കമ്പി നാം ഇടുന്നു. ആ ദ്യത്തെ കമ്പിയിൽനിന്നു നിഷ്ക്രമിച്ചുകൊണ്ടിരുന്ന അതേ തരം സ്വരവിശേഷം രണ്ടാമത്തെ കമ്പിയിൽനിന്നു നിഷ്ക്രമിക്കുകയും ചെയ്യുന്നു. വീണയുടെ കമ്പികൾക്കു് അവയിൽനിന്നു നിഷ്ക്രമിക്കുന്ന സ്വരവിശേഷങ്ങളെക്കുറിച്ചു് ആത്മബോധമുണ്ടെന്നു് വാദത്തിനായി സങ്കല്പിക്കാം. അപ്പോൾ ആദ്യത്തെ കമ്പിക്കു് അതിൽനിന്നു നിഷ്ക്രമിച്ച സ്വരവിശേഷത്തെപ്പറ്റി ബോധമുണ്ടായിരിക്കുമല്ലൊ. രണ്ടാമത്തെ കമ്പിക്കും അതിൽനിന്നു നി

ഗ്രഹിക്കുന്ന സ്വരവിശേഷത്തെക്കുറിച്ചു ബോധമുണ്ടാകും. എന്നാൽ ആദ്യത്തെ കമ്പിയിൽനിന്നു നിഗ്രഹിച്ച സ്വരവിശേഷത്തെക്കുറിച്ച് രണ്ടാമത്തെ കമ്പിക്കു ബോധമുണ്ടാകുക സാദ്ധ്യമാണോ? ഒരിക്കലുമല്ല. കാരണം, ആദ്യത്തെ കമ്പി മാറിക്കഴിഞ്ഞു. അതോടെ അതിന്റെ ആത്മബോധവും മാറിപ്പോയി. രണ്ടാമത്തെ കമ്പി പുതിയതാണ്. ആദ്യത്തെ കമ്പിയിൽനിന്നു സ്വരവിശേഷം നിഗ്രഹിച്ചപ്പോൾ രണ്ടാമത്തെക്കമ്പി വീണയിൽ ഉണ്ടായിരുന്നേയില്ല. പിന്നെയെങ്ങനെ അതിന് ആദ്യത്തേതിന്റെ സ്വരവിശേഷത്തെപ്പറ്റി ബോധമുണ്ടാകുവാൻ കഴിയും? ഇതുപോലെയാണ് നമ്മുടെ ശരീരത്തിൽ മാറിമാറിക്കൊണ്ടിരിക്കുന്ന അണുക്കളുടേയും കാര്യം. അവ നമ്മുടെ ശരീരത്തിന്റെ ഘടകങ്ങളായിരുന്നകാലത്തു നമ്മുടെ മനസ്സിലുണ്ടായ വ്യാപാരങ്ങളുടെ വല്ല മുദ്രയും അവയിൽ പതിഞ്ഞിട്ടുണ്ടായിരുന്നുവെന്നു സങ്കല്പിച്ചാൽത്തന്നെയും, അവ ശരീരം വിട്ടുപോയതോടുകൂടി ആ മുദ്രയും വിട്ടുപോയിരിക്കുന്നു. പിന്നീടുവരുന്ന പുതിയ അണുക്കളിൽ ആദ്യത്തേതിന്റെ മുദ്ര ഉണ്ടായിരിക്കുക സാദ്ധ്യമല്ല.

ഞാൻ എന്നതു് ആത്മാവാണു്.

തന്മൂലം ശരീരത്തിൽ എന്നുമുള്ളതും, ഒരിക്കലും അതിൽനിന്നു വിട്ടുമാറാത്തതും, ശരീരാംശങ്ങൾക്കുണ്ടാകുന്ന മാറ്റങ്ങളൊന്നിനാലും ബാധിക്കപ്പെടാത്തതുമായ ഏതോ ഒരു വസ്തു എന്നിലുണ്ടായിരിക്കണം. അതായിരിക്കണം എന്റെ മാനസികവ്യാപാരങ്ങളെ ഓരോ കാലദശയിലും, തന്നിൽ സ്ഥികരിക്കുകയും തളച്ചുനിർത്തുകയും ചെയ്യിട്ടുള്ളതു്; അതായിരിക്കണം ഇന്നും എനിക്കു് ആ വ്യാപാരങ്ങളെക്കുറിച്ചുള്ള അനുസ്മരണ നൽകിക്കൊണ്ടിരിക്കുന്നതു്. ഈ ലക്ഷണങ്ങളോടുകൂടിയ വസ്തു ഭൗതികമായിരിക്കുവാൻ സാദ്ധ്യമല്ല. അതു് അഭൗതികമാ

യേ കഴിയൂ. അതിനെയാണ് "ആത്മാവ്" എന്നു തത്വ ശാസ്ത്രജ്ഞന്മാർ വിളിക്കുന്നത്. ആകയാൽ അന്നും ഇന്നും ഒന്നുതന്നെയായിരിക്കുന്ന "ഞാൻ" എന്നെ ശരീരത്തിൽ കൂടികൊള്ളുന്ന അഭൗതികമായ ആത്മാവാകുന്നു. ആത്മാവാണ് മനുഷ്യനെ ഇതര ജന്തുക്കളിൽനിന്നു വേർതിരിച്ചു അവയുടെയെല്ലാം നാഥനാക്കിയിരിക്കുന്നതു്. ആത്മാവുള്ളതുകൊണ്ടാണ് മനുഷ്യൻ ഇതരജന്തുക്കളെപ്പോലെ കേവലം ഒരു വസ്തുവാകാതെ (Thing), ഒരു ആൾ, ഒരു പുരുഷൻ (Person) ആയിരിക്കുന്നതു്. അതുകൊണ്ടുതന്നെയാണ് ഇതര ജന്തുക്കളിൽനിന്നു വ്യത്യസ്തമായി മനുഷ്യവ്യക്തി അവകാശങ്ങളും (Rights) കർത്തവ്യങ്ങളും (Duties) ഉള്ളവനായിരിക്കുന്നതു്.

തലച്ചോറ് മനസ്സിന്റെ പ്രവർത്തനാവയവമല്ല.

ഭൗതികവാദികളുടെ, പഴയക്രൂരന്മാരുടേയും, പുതിയ ക്രൂരന്മാരുടേയും, വിശ്വാസം തലച്ചോറു് മനസ്സിന്റെ അഥവാ ചിന്താശക്തിയുടെ പ്രവർത്തനാവയവം (Organ) ആണെന്നാണ്. നമ്മുടെ കണ്ണു് ദർശനശക്തിയുടെ അവയവമായിരിക്കുന്നതുപോലെ, ചെവി ശ്രവണശക്തിയുടെ അവയവമായിരിക്കുന്നതുപോലെ, നമ്മുടെ തലച്ചോറും ചിന്താശക്തിയായ മനസ്സിന്റെ അവയവമാണെന്നാണ്. ക്രിസ്തുവിനു് ഒരു നൂറാണ്ടുമുമ്പു് റോമയിൽ ജീവിച്ചിരുന്ന ലുക്രേഷ്യസ് (Lucretius) എന്ന ഭൗതികവാദി പറഞ്ഞിരിക്കുന്നു:— "ആത്മാവു് ശരീരത്തോടുകൂടി വളരുകയും ക്ഷയിക്കുകയും ചെയ്യുന്നു; ആകയാൽ അതു ശരീരത്തോടുകൂടി നശിക്കുന്നു." പതിനേഴും പതിനെട്ടും നൂറാണ്ടുകളിലെ ഭൗതികവാദികളുടെ വിശ്വാസവും ഇതുതന്നെയായിരുന്നു. അവരിലൊരാളായ വോട്ട (Vogt) ചിന്തയെ നിർവ്വചനം ചെയ്യുന്നു "തല

ച്ചോറിന്റെ ഊറൽ" (Secretion) എന്നാണ്. ഇന്നത്തെ ഭൗതികവാദികളായ പ്രകൃതിശാസ്ത്രജ്ഞന്മാരുടെ വിശ്വാസവും ഇതുതന്നെ. ഇംഗ്ലണ്ടിലെ ഒരു പ്രമുഖ ശാസ്ത്രജ്ഞനായ (മദ്രാസിലെ ഹിന്ദു പത്രത്തിന്റെ ഓയറാഴ്ചലക്കത്തിൽ ഒരിടയ്ക്ക് ആഴ്ചതോറുമെന്നോണം ലേഖനമെഴുതിക്കൊണ്ടിരുന്ന) പ്രൊഫസർ ഹാൽഡെയിൻ (Haldane) പറയുന്നു:- "ചിന്ത തലച്ചോറിന്റെ പ്രവൃത്തിയാണ്." (Function) പ്രൊഫസർ ഹക്സ്ലി (Huxley) യുടെ വിശ്വാസവും ഇതുതന്നെയായിരുന്നെങ്കിലും, അദ്ദേഹം വളരെ ശ്രദ്ധിച്ചും സൂക്ഷിച്ചുമാണ പറഞ്ഞത്:- "ഒരു മനുഷ്യജീവിയുടെ ഭൗതികമായ ചട്ടക്കൂടാകുന്ന ശരീരവും, അവന്റെ ചിന്തയുടേയും വികാരത്തിന്റേയും ഉപകരണമായിരിക്കുന്ന മനസ്സും ഏകയാഥാർത്ഥ്യത്തിന്റെ അതായത് സജീവനായ മനുഷ്യവ്യക്തിയുടെ, രണ്ടുരൂപം (Aspects) മാത്രമാകുന്നു."

പ്രാചീനരും ആധുനികരുമായ ഭൗതികവാദികൾ ഈ വിശ്വാസത്തിനാധാരമായി ചൂണ്ടിക്കാണിക്കുന്നത് ചിന്തയ്ക്കും തലച്ചോറിനും തമ്മിൽ അനുഭവത്തിൽ നാം കാണുന്ന അഭേദ്യബന്ധമാണ്. ക്ലോറൊഫോമിനു് വിധേയനാകുന്ന രോഗി ഇന്ദ്രിയസംബന്ധമായ പ്രജ്ഞമാത്രമല്ല, ചിന്താസംബന്ധമായ പ്രജ്ഞയും നിശ്ശേഷം നഷ്ടപ്പെട്ടവനായി നാം കാണുന്നു. തലച്ചോറിനു് മറേതുവിധത്തിലും ഏതെങ്കിലും കേടുതട്ടിയാൽ തദനുസരണം ചിന്താശക്തിക്കും കോട്ടം തട്ടുന്നു. ചുരുക്കിപ്പറഞ്ഞാൽ, ചിന്താശക്തിയുടെ പ്രവർത്തനം പരിപൂർണ്ണമായും തലച്ചോറിന്റെ സുസ്ഥിതിയെ ആശ്രയിച്ചിരിക്കുകയാണ്.

കാരണവും ഉപാധിയും ഒന്നല്ല.

ഭൗതികവാദികളായ ഈ തത്വജ്ഞന്മാക്കും ശാസ്ത്രജ്ഞന്മാക്കും ഒരു വലിയ ചിന്താക്കുഴപ്പം പറ്റിയിട്ടുണ്ട്.

കാരണത്തേയും (Cause) ഉപാധിയേയും (Condition) അവർ ക്ലിക്കഴ്ച്ചയുന്നു. നമുക്കു കാഴ്ചനൽകുന്നതു് നമ്മുടെ കണ്ണാണല്ലൊ. അതിനാൽ കണ്ണു് കാഴ്ചയുടെ കാരണമാകുന്നു. എന്നാൽ വെളിച്ചമില്ലെങ്കിൽ നമുക്കു കാഴ്ചയുണ്ടാകുകയില്ല. എന്തുകൊണ്ടു്? വെളിച്ചം കാഴ്ചയുടെ ഉപാധിയാകകൊണ്ടു്. വെളിച്ചത്തിന്റെ സഹായമുണ്ടെങ്കിലേ കണ്ണിനു് പ്രവർത്തിക്കുവാൻ സാധിക്കൂ എന്നുവച്ചു്, വെളിച്ചം കാഴ്ചയുടെ കാരണമാകുന്നില്ലല്ലൊ. ഇതുപോലെയാണു് തലച്ചോറിന്റേയും കാര്യം.

തലച്ചോറും അതിന്റെ സുസ്ഥിതിയും നമ്മുടെ മനസ്സിന്റെ പ്രവർത്തിക്കാവശ്യംതന്നെ. എന്നാൽ അതുകൊണ്ടു് തലച്ചോറു് ചിന്തയുടെ കാരണമാകണമെന്നില്ല; മനസ്സിന്റെ പ്രവർത്തനാവയവമാകണമെന്നില്ല; ചിന്തയ്ക്കു കാരണമായിരിക്കുന്ന മനസ്സിന്റെ പ്രവർത്തനത്തിനുള്ള ഉപാധിയെങ്കിലും ആയിരിക്കണമെന്നേയുള്ളു. ശരീരത്തിന്റെ മറ്റവയവങ്ങളുടെ സുസ്ഥിതിയും ചിന്തയ്ക്കു് ഏറെക്കുറെ ആവശ്യകമായിരിക്കുന്നുണ്ടല്ലൊ. ഉദാഹരണമായി, ശക്തിയായ പല്ലുവേദനയുള്ളപ്പോൾ ചിന്താശക്തി മിക്കവാറും അസാദ്ധ്യമായിത്തീരുന്നു. എങ്കിലും പല്ലു ചിന്തയുടെ കാരണമാകുന്നതു പോയിട്ടു്, അതിനു് ചിന്തയോടു നേരിട്ടൊരു ബന്ധവും ഇല്ലെന്നു് സ്പഷ്ടമാണു്. വേദനയുള്ള പല്ലു് പറിച്ചുകളഞ്ഞാൽ ചിന്തിക്കാനുണ്ടായിരുന്ന വൈഷമ്യം തീരെ മാറിക്കൊള്ളും. ഇല്ലാത്ത പല്ലു് ഉള്ള ചിന്തയുടെ കാരണമാണെന്നു പറയുവാൻ ആരും ധൈര്യപ്പെടുകയില്ലല്ലൊ.

സകല വാതിലുകളും ജനാലകളും അടച്ചിരിക്കുന്ന ഒരു മുറിയിൽ ഇരിക്കുന്ന ആൾക്കു് മേഘം കാണാനുള്ള മാർഗ്ഗം ജനാലകൾക്കു ചില്ലിട്ടിരിക്കുകയാണല്ലൊ. ചില്ലില്ലെങ്കിൽ അയാൾക്കു് മേഘം കാണാൻ സാദ്ധ്യമല്ല. എന്നുവച്ചു് അയാൾക്കു് എന്നും എവിടെയും മേഘം കാണണമെങ്കിൽ ജനാലയുടെ ചില്ലിൽക്കൂടി നോക്കു

ണമെന്നുണ്ടോ? വീടിനു പുറത്തുകടക്കുന്നപക്ഷം ചില്ലി ന്റെ സഹായംകൂടാതെ അയാൾക്കു മേഘം കാണാൻ കഴിയും. സകല ഭാരങ്ങളും അടച്ചിരുന്ന വീടിനക ത്തിരുന്ന എന്ന പ്രത്യേക പരിതസ്ഥിതികൊണ്ടാണു് അയാൾക്കു ചില്ലിന്റെ സഹായം ആവശ്യകമായിത്തീ ന്നതു്. ആ പരിതസ്ഥിതി മാറിയപ്പോൾ പ്രസ്തുതാവശ്യ കത ഇല്ലാതായി. ഏതാണ്ടിതുപോലെയാണു് അഭൗതി കമായ മനസ്സിനു് ചിന്താസംബന്ധമായ പ്രവർത്തനങ്ങ ളിൽ തലച്ചോറിന്റെ സഹായം ആവശ്യകമായിത്തീ ന്നിരിക്കുന്നതു്.

ആത്മാവും ശരീരവുംകൂടി ഒരു ജീവി.

മനുഷ്യാത്മാവു് അഭൗതികവസ്തുവാണു്. അതിന്റെ തെളിവു മുമ്പുകണ്ടുവല്ലൊ. ആ നിലയിൽ അതു മറെറാന്നിനോടു ബന്ധപ്പെട്ടിരിക്കാതെ സ്വയം സ്ഥി തിചെയ്യാനും പ്രവർത്തിക്കുവാനും കഴിവുള്ളതാണു്. എ ന്നാൽ ഇഹത്തിൽ മനുഷ്യാത്മാവിനു് അതു സാദ്ധ്യമ ല്ല. കാരണം, അതു മനുഷ്യശരീരത്തിൽ അടയ്ക്കപ്പെട്ടി രിക്കുന്നു. എന്നാൽ അതിന്റെ ശരീരവാസം ഒരു പ ക്ഷി കൂട്ടിൽ വസിക്കുന്നതുപോലെയല്ല. പക്ഷിയ്ക്കും കൂടി നും തമ്മിൽ സ്ഥലബന്ധമേയുള്ളു. രണ്ടിനേയും ഒരു സം യുക്തവസ്തുവാക്കിത്തീർക്കുന്ന, രണ്ടിന്റെ പ്രവൃത്തികളേ യും പരസ്പരാശ്രയത്തോടുകൂടിയതാക്കുന്ന, ആഭ്യന്തര (internal)ബന്ധം അവതമ്മിൽ ഇല്ല. എന്നാൽ ആ ത്മാവും ശരീരവും തമ്മിലുള്ള ബന്ധം ആഭ്യന്തരമാണു്. അവ രണ്ടുംകൂടി ഒരേ ഒരു സംയുക്തവസ്തു, പൂർണ്ണമനുഷ്യ ജീവി, ആയിത്തീരുന്നു. ആ നിലയിൽ ഓരോന്നിന്റേ യും പ്രവൃത്തികൾ അവയുടെ സ്വകീയമായ പ്രകൃതി യ്ക്കു് അനുയോജ്യമായ വിധത്തിൽ പരസ്പരാശ്രയമുള്ള വയാകുന്നു.

മനുഷ്യാത്മാവാണ് മനുഷ്യശരീരത്തിനു ജീവൻ പ്രദാനംചെയ്യുന്നത്. ശരീരത്തിന്റെ സസ്യജീവനം (Vegetative life), ഇന്ദ്രിയജീവനം (Sentient life) മൂലകാരണമായിരിക്കുന്നത് ആത്മാവാണ്. ശരീരത്തിനു് ആഹാരം കഴിക്കുവാനും വളർച്ച പ്രാപിക്കുവാനും സന്താനോല്പാദനം നടത്തുവാനും ഇന്ദ്രിയജ്ഞാനം ലഭിക്കുവാനും ഗതാഗതം ചെയ്യുവാനും മറ്റുമുള്ള ശക്തി ആത്മാവാണ് പ്രദാനം ചെയ്യുന്നത്. ആത്മാവു് ശരീരത്തിൽനിന്നു വേർപിരിഞ്ഞാൽ പ്രസ്തുത പ്രവൃത്തികളൊന്നും ശരീരത്തിൽ നടക്കുക സാദ്ധ്യമല്ല. എന്നുവേണ്ട ശരീരത്തിനു് ഒരു സജീവ സത്തയായിരിക്കുവാൻ പോലും കഴിവുണ്ടാകയില്ല. അതിന്റെ കെട്ടുപൊട്ടി, ഏതേതു ഭൗതികഘടകങ്ങളാൽ കൂട്ടിച്ചേർക്കപ്പെട്ടിരുന്നോ അവയിലേയ്ക്കു് അതു പിന്തിരിയുകയും ചെയ്യും.

ആത്മാവു ശരീരത്തെ ആശ്രയിക്കുന്നതെങ്ങനെ?

എന്നാൽ ശരീരം ആത്മാവിനെ ഇപ്രകാരം ആശ്രയിച്ചിരിക്കുന്നെങ്കിൽ, ആത്മാവു് മറ്റൊരു പ്രകാരത്തിൽ ശരീരത്തെ ആശ്രയിച്ചിരിക്കുന്നു. ആത്മാവിന്റെ സ്വകീയവും പ്രാതിസ്വികവുമായ ശക്തികൾ ചിന്താശക്തിയും ഇച്ഛാശക്തിയുമാണ്. ഇവയ്ക്കു് പ്രവർത്തിക്കുവാനുള്ള വിഷയം വേണമല്ലൊ. ശരീരത്തിൽ കൂടികൊള്ളുന്നകാലത്തോളം ചിന്താവിഷയവും ഇച്ഛാവിഷയവും ലഭിക്കുവാൻ ആത്മാവു് ശരീരത്തെ ആശ്രയിച്ചേ മതിയാവൂ. ചിന്താവിഷയം ബാഹ്യലോകത്തിൽനിന്നു മനസ്സിലേയ്ക്കു പ്രവേശിക്കുന്നതിനുള്ള ദ്വാരം ശരീരത്തിന്റെ ഇന്ദ്രിയങ്ങളാണ്. ബാഹ്യവസ്തുക്കളുടെ പ്രതിച്ഛായ ഇന്ദ്രിയങ്ങളിൽക്കൂടി തലച്ചോറിൽ എത്തുന്നു. ആ പ്രതിച്ഛായകളിൽനിന്നുവേണം അഭൗതികമായ മനസ്സിനു് അഭൗതികങ്ങളായ ആശയങ്ങൾ വേർപെടു

ത്തി എടുക്കുവാൻ. പ്രതിച്ഛായകളിൽനിന്ന് ഭൗതികസംബന്ധമായ സകലതും ഉരിഞ്ഞുമാറ്റി, അവയിൽ കുടികൊണ്ടിരിക്കുന്ന അഭൗതികമായ യാഥാർത്ഥ്യത്തെ മനസ്സ് തന്നിലേയ്ക്കു സ്വീകരിക്കുന്നു. അതിലാണ് മനസ്സിന്റെ ചിന്താവ്യാപാരം അടങ്ങിയിരിക്കുന്നത്. ഇക്കാരണങ്ങളാൽ ചിന്ത തലച്ചോറിനെ ആശ്രയിക്കുന്നത് ദർശനശക്തി കണ്ണിനേയോ, ശ്രവണശക്തി ചെവിയേയോ ആശ്രയിക്കുന്നതുപോലെ അല്ലെന്ന് സ്പഷ്ടമല്ലയോ? തന്മൂലം തലച്ചോറിന്റെ സുസ്ഥിതി ചിന്തയ്ക്ക് ആവശ്യമാണെന്നുള്ളതിൽനിന്ന് തലച്ചോറ് ചിന്താശക്തിയുടെ പ്രവർത്തനാവയവമാണെന്ന് അനുമാനിക്കുന്നത് യുക്തിഹീനമല്ലയോ?

ഡാർവിൻ, പാവ്ലോവ്, ഫ്രോയിഡ്, ഐൻസ്റ്റീൻ.

ഊഹത്തിൽമാത്രം നിലയുറപ്പിച്ചിരുന്ന ഭൗതികവാദം പരാജയപ്പെട്ടതിനുശേഷം ശാസ്ത്രീയമായ ഭൗതികവാദം ഇപ്പോൾ ജന്മമെടുത്തിരിക്കുകയാണെന്നും, അതിനാധാരമായിരിക്കുന്ന 20-ാം നൂറ്റാണ്ടിലെ സയൻസ് മനസ്സിനേയും ആത്മാവിനേയും ഭൗതികപദാർത്ഥത്തേയും ഒന്നായിക്കാണുകയും അവയുടെ മൗലികമായ ഐക്യം സാക്ഷാൽക്കരിക്കുവാൻ തുടങ്ങുകയും ചെയ്തിരിക്കുകയാണെന്നുമുള്ള ഒരു മാസികാലേഖകന്റെ പ്രസ്താവത്തെ വിമർശിച്ചുകൊണ്ടാണല്ലോ ആത്മാവിന്റെ അഭൗതികതത്തെപ്പറ്റി ഇത്രയും പ്രതിപാദിച്ചത്. ഇനി ഈ "പുതിയ സയൻസിന്റെ" കണ്ടുപിടുത്തത്തിൽ മഹത്തായ പങ്കുവഹിച്ചിട്ടുള്ളത് ഡാർവിനും, ഫ്രോയിഡും, പാവ്ലോവും, ഐൻസ്റ്റീനുമാണെന്നുള്ള ലേഖകന്റെ പ്രസ്താവം പരിശോധിക്കാം.

പാവ്ലോവ്

1849-ൽ ജനിച്ച റഷ്യാക്കാരനായ ഒരു ശരീരശാസ്ത്രജ്ഞനാണ് (Physiologist) പാവ്ലോവ് (Pavlov). സൂക്ഷ്മമായ തന്റെ ആയുഷ്കാലത്തിലെ ഭൂരിഭാഗവും നായ്ക്കളുടെ പ്രവർത്തനസമ്പ്രദായങ്ങൾ പരിശോധിക്കുവാൻ അദ്ദേഹം വിനിയോഗിച്ചു. നായ്ക്കളുടെ വായിൽ, ഭക്ഷണസാധനം ഉൾക്കൊണ്ടിരിക്കുമ്പോഴും ഭക്ഷണസാധനങ്ങളുടെ ദർശനമോ, ഘ്രാണമോ ഉണ്ടാകുമ്പോഴും, വെള്ളം വരികയും ഒലിക്കുകയും ചെയ്യുന്നതിനേപ്പറ്റി പ്രത്യേകിച്ചും അദ്ദേഹം നിരീക്ഷണപരീക്ഷണങ്ങൾ നടത്തി. ആ പഠനങ്ങളിൽനിന്ന് ജന്തുക്കളുടെ പ്രവർത്തനസമ്പ്രദായത്തെ നയിക്കുന്ന സാമാന്യ നിയമങ്ങൾ അദ്ദേഹം നിഗ്മിച്ചു. പ്രസ്തുത നിയമങ്ങൾ മനുഷ്യരുടെ പ്രവർത്തനസമ്പ്രദായങ്ങൾക്കും അപ്രകാരംതന്നെ ബാധകമാണെന്ന് അദ്ദേഹം അനുമാനിക്കുകയും ചെയ്തു. പാവ്ലോവിന്റെ പരിശോധനാരീതികളും അനുമാനങ്ങളും ഇത്തരമാണെങ്കിൽ മനസ്സും ആത്മാവും ഭൗതികപദാർത്ഥവും ഒന്നാണെന്നുള്ള അദ്ദേഹത്തിന്റെ അഭിപ്രായത്തിന് ശാസ്ത്രീയമായ യാതൊരു വിലയും കല്പിക്കേണ്ടതില്ലതന്നെ. നായ്ക്കളുടെ പ്രവർത്തനസമ്പ്രദായങ്ങളുടെ പരിശോധനയിൽനിന്ന് മനുഷ്യരുടെ പ്രവർത്തനസമ്പ്രദായങ്ങളുടെ സ്വഭാവത്തെ നിഗ്മിക്കുന്നതു് അശാസ്ത്രീയമല്ലയോ? മനുഷ്യന്റെ ശക്തികളുടെ സ്വഭാവമറിയണമെങ്കിൽ അവന്റെ പ്രവൃത്തികളെ പ്രത്യേകമെടുത്തു പരിശോധിക്കണം. നമ്മുടെ മനസ്സിന്റെ വ്യാപാരങ്ങളാകുന്ന ആശയങ്ങൾ, വിധികൾ, അനുമാനങ്ങൾ പര്യാലോചനകൾ എന്നിവയെ സസൂക്ഷ്മം പരിശോധിക്കുമ്പോൾ മനസ്സ് അഭൗതികമാണെന്നതെളിയുന്നുണ്ടെന്ന് നാം കണ്ടുവല്ലൊ. ശരീരശാസ്ത്രജ്ഞൻ മനുഷ്യമനസ്സിനേയും അവന്റെ ആത്മാവിനേയുംപറ്റി വിധി പറ

യുന്നതു് നിയമശാസ്ത്രജ്ഞൻ വൈദ്യവിഷയത്തെപ്പറ്റി വിധിപറയുന്നതുപോലെ അശാസ്ത്രീയമാകുന്നു.

ഫ്രോയിഡ്.

ശാസ്ത്രശാഖകളിൽ ആധുനികകാലത്തു് വളരെ പുരോഗതി ലഭിച്ചിട്ടുണ്ടെന്നു വിചാരിക്കപ്പെടുന്ന ഒന്നു് മനഃശാസ്ത്രശാഖയാണു് (Psychology). അതിൽ പരിവർത്തനപരമായ കണ്ടുപിടുത്തങ്ങൾ ചെയ്തിട്ടുള്ളതായി ഗണിക്കപ്പെടുന്ന പ്രധാന വ്യക്തികളിൽ ഒരാളാണു് ഫ്രോയിഡ്(Freud). ഈ ലേഖകൻ 1856-ൽ ഓസ്ട്രിയായിൽ യഹൂദമാതാപിതാക്കന്മാരിൽനിന്നു ജനിച്ചു വൈദ്യശാസ്ത്രം പഠിച്ചു ബിരുദം സമ്പാദിച്ചശേഷം അദ്ദേഹം ഞരമ്പു സംബന്ധിച്ചുള്ള രോഗങ്ങൾക്കു ചികിത്സിക്കുവാൻ തുടങ്ങി. നടപ്പിലിരുന്ന ഔഷധപ്രയോഗങ്ങൾ വെടിഞ്ഞു് അദ്ദേഹം ക്രമേണ മാനസികമാർഗ്ഗങ്ങൾ ഉപയോഗിച്ചുപോന്നു. ഹിസ്റ്റീരിയ മുതലായ ഞരമ്പുരോഗങ്ങൾ പിടിപെട്ടവർക്കു് ഹിപ്നോട്ടിസം ആദിയായ മാനസിക പ്രതിവിധികൾ ഉപയോഗിച്ചു ചികിത്സനടത്തി. തൽസംബന്ധമായ പഠനങ്ങളും പ്രത്യേകിച്ചു സ്വപ്നങ്ങൾ സംബന്ധിച്ചുള്ള പഠനങ്ങളും ആധാരമാക്കി അദ്ദേഹം "മാനസികാപഗ്രഥനം" (Psycho-analysis) എന്നൊരു പുതിയ ശാസ്ത്രശാഖതന്നെ സൃഷ്ടിച്ചു. മാനസികവ്യാപാരങ്ങളെ പരിശോധിക്കുകയും അവയുടെ അടിയിൽ മറഞ്ഞുകിടക്കുന്ന അടിസ്ഥാനപ്രേരണകളെ (Motives) കണ്ടുപിടിക്കുകയുമാണു് ഈ ശാസ്ത്രശാഖയുടെ ലക്ഷ്യം. മനസ്സിന്റെ പ്രബുദ്ധമല്ലാത്ത (Unconscious) ഭാഗത്തു് മറഞ്ഞുകിടക്കുന്ന ആഗ്രഹങ്ങളുടേയും അഭിലാഷങ്ങളുടേയും പ്രകാശനമാണു് സ്വപ്നമെന്നും, അടിച്ചമർത്തിവച്ചിരിക്കുന്ന (Repressed) മാനസികരൂപങ്ങളും വിചാരങ്ങളും വേറൊരു രൂപത്തിൽ സ്വപ്നങ്ങളിൽ പ്രകടിപ്പിക്കപ്പെടുകയാണെന്നുമാണു് ഫ്രോയിഡിന്റെ സി

ധാന്തം. മറഞ്ഞുകിടക്കുന്നവയെ മനസ്സിന്റെ പ്രബുദ്ധമായ (Conscious) ഭാഗത്തേയ്ക്ക് ആനയിക്കുന്നപക്ഷം പ്രബുദ്ധമല്ലാത്തതും, പ്രബുദ്ധമായതുമായ ഭാഗങ്ങൾ തമ്മിൽ ഉണ്ടാകുന്നതും ഞരമ്പുസംബന്ധമായ മാനസികരോഗങ്ങൾക്ക് കാരണമാകുന്നതുമായ സംഘട്ടനങ്ങൾ പരിഹരിക്കാൻ കഴിയുമെന്നും തദ്വാരാ രോഗത്തിനു ശമനമുണ്ടാക്കാമെന്നും അദ്ദേഹം പറയുന്നു. അടിച്ചമർത്തപ്പെട്ടുകിടക്കുന്ന പ്രസ്തുതാഗ്രഹങ്ങളും അഭിലാഷങ്ങളും അധികവും ലൈംഗികവികാരങ്ങളോടു ബന്ധപ്പെട്ടവയാണെന്നുംകൂടി അദ്ദേഹത്തിനു് അഭിപ്രായമുണ്ട്.

ഫ്രോയിഡിന്റെ പ്രസ്തുത ഗവേഷണങ്ങൾ മനുഷ്യമനസ്സിന്റെ പ്രബുദ്ധമല്ലാത്ത വ്യാപാരങ്ങളെപ്പറ്റിയാണെന്നുള്ളതു് പ്രത്യേകം ശ്രദ്ധിക്കണം. ആ ഗവേഷണഫലങ്ങൾ എന്തായിരുന്നാലും അവ മനസ്സിന്റെ പ്രബുദ്ധമായ വ്യാപാരങ്ങൾക്കു് ബാധകമായിരിക്കുവാൻ പാടുള്ളതല്ലല്ലൊ. ആ വ്യാപാരങ്ങളിലേയ്ക്കു് അദ്ദേഹത്തിന്റെ പരിശോധന പ്രവേശിക്കുന്നതേയില്ല. നാം മുൻപു് പരിശോധിച്ചതു് മനസ്സിന്റെ പ്രബുദ്ധമായ വ്യാപാരങ്ങളെയാണു് — ആശയങ്ങൾ, വിധികൾ മുതലായവ. അതിന്റെ ഫലമായിട്ടാണു് മനസ്സും ആത്മാവും ഭൗതികമല്ലെന്നും അഭൗതികമാണെന്നുമുള്ള അനുമാനത്തിൽ എത്തിയതു്. മനസ്സിന്റെ പ്രബുദ്ധമായ വ്യാപാരങ്ങളെ നമുക്കു് അബദ്ധരഹിതമായി അറിയുവാനും അവയിൽനിന്നു് അബദ്ധരഹിതമായ അനുമാനങ്ങൾ എടുക്കുവാനും സാദ്ധ്യമല്ലെന്നു വന്നാൽ, അതോടെ സകല ശാസ്ത്രങ്ങളുടേയും അടിതന്നെ തട്ടിപ്പോകുന്നതാണു്. കാരണം, മനസ്സിന്റെ പ്രബുദ്ധമായ വ്യാപാരങ്ങൾ വഴിയായിട്ടാണല്ലൊ ഏതു ശാസ്ത്രത്തിലും പരിശോധനകൾ നടത്തുകയും സിദ്ധാന്തങ്ങൾ രൂപീകരിക്കുകയും ചെയ്യുന്നതു്. ആ വഴി സ്വതവേ പരിശുദ്ധമാണെങ്കിൽ ഒരു ശാസ്ത്രവും ഫ്രോയിഡിന്റെ മാനസികാ

പഗ്രഥനശാസ്ത്രംതന്നെയും നിലംപതിക്കുന്നതെ ചെയ്യും.

ഐൻസ്റ്റീൻ

1879-ൽ ജർമ്മനിയിൽ ജനിച്ച ഒരു യഹൂദനാണ് ഐൻസ്റ്റീൻ (Einstein). ഫിസിക്സ് എന്ന ശാസ്ത്രവകുപ്പിൽ വളരെ പ്രസിദ്ധി സമ്പാദിക്കുകയും നോബൽസമ്മാനംതന്നെ കരസ്ഥമാക്കുകയും ചെയ്തിട്ടുള്ള ഒരു വലിയ ശാസ്ത്രജ്ഞനാണ് ഇദ്ദേഹം. പ്രപഞ്ചത്തിന്റെ സ്വഭാവത്തേയും പ്രവർത്തനരീതികളേയുംകുറിച്ച് (Theory of Relativity) എന്നൊരു നൂതന സിദ്ധാന്തം അദ്ദേഹം കെട്ടിപ്പടുത്തു. സ്ഥലം (Space) കാലം (Time) ഇവ രണ്ടല്ലെന്നും, ചലനം (Motion) അനാപേക്ഷികമല്ലെന്നും (Absolute) പ്രത്യുത അപേക്ഷികമാണെന്നും (Relative) മറ്റുമാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഐൻസ്റ്റീനിന്റെ ഈ സിദ്ധാന്തം പ്രപഞ്ചസ്വഭാവത്തെപ്പറ്റി ഫിസിക്സ് ശാസ്ത്രവകുപ്പിൽ നിലവിലിരിക്കുന്ന അഭിപ്രായങ്ങൾക്ക് ഒരു വലിയ പരിവർത്തനം വരുത്തീട്ടുണ്ടെന്നു സമ്മതിക്കണം. എന്നാൽ അതു് ആത്മാവിന്റേയോ ദൈവത്തിന്റേയോ അസ്തിത്വത്തേയും സ്വഭാവത്തേയും ഒരുവിധത്തിലും ബാധിക്കുന്നില്ല. കാരണം, ആത്മാവിന്റെ അസ്തിത്വവും സ്വഭാവവും തെളിയിക്കുവാൻ പണ്ടും ഇന്നും സ്വീകരിച്ചിട്ടുള്ള ന്യായങ്ങൾ മനുഷ്യമനസ്സിന്റെ വ്യാപാരങ്ങളെ അടിസ്ഥാനപ്പെടുത്തിയുള്ളവയാണ്. ഐൻസ്റ്റീനിന്റെ നൂതനസിദ്ധാന്തം സ്ഥലകാലങ്ങളുടെ സ്വഭാവത്തെ സംബന്ധിക്കുന്നവയാണല്ലൊ. അതെങ്ങനെ സ്ഥലകാലങ്ങൾക്കതീതമായി സ്വതവേ സ്ഥിതിചെയ്യുന്ന സ്വഭാവത്തോടുകൂടിയ മനസ്സിനേയും ആത്മാവിനേയും ബാധിക്കും?

ഐൻസ്റ്റീനിന്റെ സിദ്ധാന്തം ദൈവാസ്തിത്വത്തിനും ബാധകമല്ല. ദൈവാസ്തിത്വത്തെ തെളിയിക്കുവാൻ പണ്ടും ഇന്നും സ്വീകരിച്ചിട്ടുള്ള ന്യായം ചലനം

മുതലായ യാഥാർത്ഥ്യങ്ങൾ പ്രപഞ്ചത്തിലുണ്ടെന്നും, അതിനാൽ ചലയിതാവും (Mover) ഉണ്ടായിരിക്കണമെന്നും, ചലയിതാക്കളിൽ ആദ്യത്തേതു് മറ്റൊന്നിനാലും ചലിപ്പിക്കപ്പെടാത്തതായിരിക്കണമെന്നുമാണു്. ചലനം അനാപേക്ഷികമായാലും ആപേക്ഷികമായാലും ഈയുക്തിയ്ക്കു് യാതൊരു ഭംഗവും വരുന്നില്ല; അതു സാധുവായിത്തന്നെയിരിക്കുന്നു.

ഡാർവിൻ.

ഇന്നു കാണുന്ന ജീവിവർഗ്ഗങ്ങൾ ഒന്നോ ചിലതോ മാതൃമായവയിൽനിന്നു് പരിണമിച്ചുണ്ടായവയാണെന്നാണു് അദ്ദേഹത്തിന്റെ സിദ്ധാന്തം. അതു ശരിയായാലും തെറ്റായാലും മനുഷ്യന്റേയും ആത്മാവിന്റേയും അഭൗതികത്വത്തെക്കുറിച്ചുള്ള പ്രശ്നത്തെ സ്പർശിക്കുന്നേയില്ല. കുരങ്ങുമുതൽ മനുഷ്യനായെന്നുവച്ചു് കുരങ്ങിനില്ലാത്ത അഭൗതികാംശം മനുഷ്യനില്ലെന്നു് അവശ്യം അനുമാനിക്കേണ്ടതില്ലല്ലൊ. അതു പരിശോധിച്ചറിയേണ്ടതല്ലേ? ആ പരിശോധനയിൽനിന്നു് അറിയുന്നതു് മനുഷ്യന്റെ മനസ്സും ആത്മാവും അഭൗതികമാണെന്നാണു്. ഡാർവിന്റെ സിദ്ധാന്തം ദൈവാസ്തിത്വത്തേയും സ്പർശിക്കുന്നില്ല. ആദ്യത്തെ ജീവിവർഗ്ഗം എവിടെനിന്നുണ്ടായി എന്ന പ്രശ്നത്തിൽ അദ്ദേഹം പ്രവേശിക്കുന്നേയില്ല. ജീവിവർഗ്ഗമെന്നല്ല പ്രപഞ്ചത്തിലെ ആദ്യത്തെ മണൽത്തരികൾപോലും എവിടെനിന്നുണ്ടായി എന്ന പ്രശ്നമാണു് ദൈവാസ്തിത്വത്തിലേയ്ക്കു് തത്വശാസ്ത്രജ്ഞന്മാരെ നയിക്കുന്നതു്.

അകയാൽ 20-ാം നൂറ്റാണ്ടിലെ സയൻസ് ദൈവത്തേയും ആത്മാവിനേയും നിഷ്കാസനം ചെയ്തിരിക്കുന്നതിൽ പാവ്ലോവും, ഫ്രോയിഡും, ഐൻസ്റ്റീനും ഡാർവിനും, മഹത്തായ പങ്കു വഹിച്ചിട്ടുണ്ടെന്നും ലേഖകൻ പ്രസ്താവിക്കുന്നതിൽ യാതൊരടിസ്ഥാനവുമില്ല.